Only Positive...

MAY 2021

# ഒപ്പം™

Vol:3 | Issue:12



## പാട്ടിന്റെ ‘സീതായനം’

## വിദ്യാഭ്യാസം: ‘നേർവഴിയുടെ ഫംഗസുകൾ’

## കൊല്ലരുത്

POEM

സജിത് കുമാർ



# അതിർത്തിയിലെ പുളിമരം

ആരും നട്ടുവളർത്താതെ തന്നെ വളർന്നു വന്ന
ഒരു പുളിമരം ഉണ്ടായിരുന്നു
എന്റേയും പോളിയുടെയും പറമ്പുകളുടെ അതിരിൽ.
ഞങ്ങളും ചേച്ചിമാരും കൂടി അതിന്റെ ചോട്ടിലിരുന്നു
മണ്ണപ്പം ചുട്ടും കുഞ്ഞിപ്പെര കെട്ടിയും
കളിക്കുമായിരുന്നു അന്ന്.
ചാറ്റൽമഴയും വെയിലും കൊള്ളിക്കാതെ
മരം ഒരു കുടയായി വിരിഞ്ഞു നിൽക്കുമായിരുന്നു
അപ്പോഴൊക്കെ.
ഞങ്ങളുടെ അമ്മച്ചിമാർ ആ മരത്തിന്റെ
അപ്പുറവും ഇപ്പുറവും നിന്നാണ് നാട്ടിലെ
വിശേഷങ്ങൾ പങ്കു വയ്ക്കാറുള്ളത്.
ഞങ്ങൾ വളർന്നു വരുന്നതനുസരിച്ച്
പുളിമരവും വളരാൻ തുടങ്ങി.
പത്താം ക്ലാസ്സു കഴിഞ്ഞ് ചേച്ചിമാർ
കോളേജിൽ പഠിക്കാൻ പോയി
പത്തിൽ തോറ്റ ഞാനും പോളിയും
രാഘവേട്ടന്റെ വർക്ക് ഷോപ്പിൽ പണിക്ക് പോയിത്തുടങ്ങി.
ആയിടയ്ക്കാണ് പുളിമരത്തിൽ
പുളികൾ ഉണ്ടായി തുടങ്ങിയത്.
ഞങ്ങളുടെ പറമ്പിലേക്ക് നിൽക്കുന്ന
കൊമ്പുകളിലെ പുളികൾ ഞങ്ങൾക്കും
അവരുടെ പറമ്പിലേക്കുള്ളത് അവർക്കുമായിരുന്നു.
അമ്മച്ചിമാർ പുളികളിലെ കുരു കളഞ്ഞ്
ഉരലിലിട്ടിടിച്ച് ചാണയാക്കി സൂക്ഷിച്ചു വയ്ക്കുമായിരുന്നു.
കള്ളുകുടിച്ചു വന്ന അപ്പനാണ്
ഒരിക്കൽ ആദ്യമായി അവകാശപ്പെട്ടത്,
പുളിമരം ഞങ്ങളുടേതാണെന്ന്.
രണ്ടു ദിവസം കഴിഞ്ഞ്, ഷാപ്പിൽ നിന്ന് വന്ന
പോളിയുടെ അപ്പനും പ്രഖ്യാപിച്ചു,
ഒറ്റ പുളിയും ഇനി ഒരാൾക്കും കൊടുക്കില്ല എന്ന്.
പിറ്റേന്ന് മുതൽ പുളിമരത്തിന്റെ പേരും പറഞ്ഞ്
അപ്പന്മാർ തമ്മിൽ വെല്ലുവിളിയായി.
ഞങ്ങളും അമ്മച്ചിമാരും സങ്കടത്തോടെയാണെങ്കിലും
അപ്പന്മാരുടെ പക്ഷം പിടിച്ചു.
പുളിമരം ഇതെല്ലാം കണ്ടും കേട്ടും കരഞ്ഞു തളർന്നു.
അവസാനമൊരു ദിവസം
പള്ളിയിൽ നിന്ന് അച്ചൻ ഒത്തുതീർപ്പിനു വന്നു.
അച്ചന് മുന്നിൽ അപ്പന്മാർ
അനുസരണയുള്ള കുഞ്ഞാടുകളായി.
പിറ്റേന്ന് രാവിലെ വന്ന മരംവെട്ടുകാരൻ ബഷീർക്ക
ഞങ്ങളുടെ വഴക്കിനെ അടിയോടെ മുറിച്ചുമാറ്റി.
അപ്പന്മാർ അന്ന് ഒരുമിച്ച്
ഷാപ്പിൽപ്പോയി കള്ളുകുടിച്ചു.
അമ്മച്ചിമാർ അന്ന് ഒരുമിച്ച്
പള്ളിയിൽ പോയി പ്രാർത്ഥിച്ചു .
ചേച്ചിമാർ അന്ന് മനോരമയിലെ നോവലുകളെക്കുറിച്ച്
പറഞ്ഞു കണ്ണീർവാർത്തു.
ഞാനും പോളിയും അന്ന് ജോസ് തീയറ്ററിൽ
സെക്കന്റ് ഷോ കാണാൻ പോയി.
പിറ്റേദിവസം എന്റെ വീട്ടിൽ വച്ച സാമ്പാറിനും
അവന്റെ വീട്ടിൽ വച്ച ഇഞ്ചിക്കറിക്കും
തീരെ പുളിയുണ്ടായിരുന്നില്ല.
ഉപ്പ് വല്ലാതെ കൂടുതലായിരുന്നുതാനും.



# OPPAM

**Only Positive...**

**Vol: 3 | Issue: 12 | Page: 24**
**May 2021**
(Private circulation Only)

**Website: www.oppammagazine.com**
**E mail: oppammagazine@gmail.com**
**oppammagazine**
**oppammagazine**
**oppammagazine**

**OPPAM**

**Managing Editor: Dr. Antoney P. Joseph**
**Botswana**
**(Gaborone University College of Law & Professional Studies)**
**Chief Editor: Latnus K.D**
**Associate Editors: Benny Abraham**
**Mariyamma George, Alleppey**

**Production Team**

**Editor in charge : Vinayak Nirmal**
**Sub Editor: Lincy Jijo**
**Printed & Published by : Shoby G.V.**
**Circulation Manager: Antony E.C. Kottamuri**
**Design : Green Pepper**

**Office**

**Oppam Magazine**
**Jominas Building**
**Nr. SNBS L.P School**
**Pullur P.O, Thrissur Dt.**
**Kerala, India, Pin: 680683**

**For Donation**
**OPPAM MAGAZINE**
**A/C No: 12790200319046**
**FEDERAL BANK**
**BRANCH: IRINJALAKKUDA**
**IFSC: FDRL0001279**

**Printed at**
**Don Bosco Igact, Kochi-28**

Cover:


**ഒപ്പം വാട്സാപ്പ് നമ്പർ - 9207693935**

ഒപ്പം മാസികയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ഇനിമുതൽ ഈ വാട്സാപ്പ് നമ്പർ ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ


Disclaimer: Every effort is made to provide accurate and up to date information. The publishers cannot accept responsibility for any consequences arising from the use of information provided.


EDITORIAL

# കരുതലിന്റെ കാവലാളാവാം

പരാജയപ്പെടുത്തിയോടിച്ചു എന്ന് വിശ്വസിച്ചു പോന്ന ഒരു ശത്രു പൂർവ്വാധികം ശക്തിയോടെ തിരികെയെത്തിയ ഒരു കാലത്തിലൂടെയാണ് നാം ഇപ്പോൾ കടന്നുപോകുന്നത്. ആ ശത്രു മറ്റാരുമല്ല. കോവിഡ് തന്നെയാണ്. കോവിഡ് രണ്ടാം തരംഗത്തിന്റെ അതിതീവ്ര വ്യാപനവും രൂക്ഷതയും പരക്കെ വെളിപ്പെട്ടുകിട്ടിയ ദിവസങ്ങളിലാണ് ഈ കുറിപ്പ് എഴുതുന്നത്.

ജീവിതം സാധാരണ നിലയിലേക്ക് മാറിത്തുടങ്ങിയിരുന്നു. അടച്ചിട്ട വാതിലുകൾ നാം മലർക്കെ തുറന്നിട്ടിരുന്നു. യാത്രകളും വിനോദങ്ങളും ആഘോഷങ്ങളും ജീവിതത്തിലേക്ക് അടിവച്ചടിവച്ച് കടന്നുവന്നുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴേയ്ക്കും വീണ്ടും കോവിഡ് കടന്നുവന്നിരിക്കുന്നു. ഇറക്കിവിട്ടിട്ടും തോൽവി സമ്മതിച്ചുതരാത്ത ഒരുവനെ പോലെ.  ചുറ്റുപാടുകളെയും അവസരങ്ങളെയും നോക്കുമ്പോൾ പല കാര്യങ്ങളും ആശങ്കപ്പെടുത്തുന്നവ തന്നെയാണെന്ന് മറക്കുന്നില്ല. ഭാഗികമായ ലോക്ക് ഡൗണുകളിലേക്ക് നാം മടങ്ങിപ്പോയേക്കാം. തൊഴിൽ നഷ്ടങ്ങൾ,സാമ്പത്തിക ബുദ്ധിമുട്ടുകൾ, മാനസിക വെല്ലുവിളികൾ..

പക്ഷേ നാം തളർന്നുപോകരുത്. കോവിഡിന്റെ തുടക്കം അപ്രതീക്ഷിതമായിരുന്നതിനാൽ നാം തുടക്കത്തിൽ അമ്പരന്നുപോയിരുന്നു എന്നത് സത്യമാണ്. എങ്ങനെ നേരിടണം എന്ന് നമുക്കറിയില്ലായിരുന്നു. എന്നാൽ ഇപ്പോൾ ഒരു വർഷത്തെ അനുഭവസമ്പത്ത് നമുക്കുണ്ട്. എന്തു ചെയ്യണം, ചെയ്യരുത് എന്നെല്ലാം നമുക്കറിയാം.

അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് അടുത്തുനില്ക്കുന്നവർക്ക് നാം കൊടുക്കേണ്ട മാനസിക പിന്തുണ. സെലിബ്രിറ്റികൾ ഉൾപ്പടെയുള്ള പലരും ആത്മഹത്യയിലൂടെ പിരിഞ്ഞുപോയത് നാം ഓർമ്മിക്കുന്നുണ്ടാവുമല്ലോ. വളരെ തിരക്കുപിടിച്ച ഒരു ലോകത്തിൽ നിന്ന് നിശ്ശബ്ദതയുടെ ലോകത്തിലേക്ക് നിർബന്ധപൂർവ്വം പിന്തിരിയേണ്ടിവരുമ്പോൾ അവർക്കുണ്ടാകുന്ന മാനസികസമ്മർദ്ദം വലുതായിരിക്കും. സമാനമായ അവസ്ഥയിലൂടെ കടന്നുപോകുന്നവർ നമുക്കിടയിൽ ധാരാളമുണ്ടാകും. വിഷാദം വളരെ പെട്ടെന്ന് പിടികൂടാൻ സാധ്യതയുള്ളവർ. അത്തരക്കാരെ കണ്ടെത്താനും അവരെ കേൾക്കാനും ചേർത്തുപിടിക്കാനും നാം തയ്യാറാകണം.

ആരോഗ്യസുരക്ഷയ്ക്ക് വേണ്ട പ്രതിരോധമാർഗങ്ങൾക്കും മുൻകരുതലുകൾക്കും ഒപ്പം  തന്നെ  മറ്റുള്ളവരെ കരുതാനും പിന്തുണയ്ക്കാനും അവർക്കായി നമുക്കുള്ളവ-സമയം, സന്മനസ്, സമ്പത്ത്,-പങ്കുവയ്ക്കാനും നാം തയ്യാറാകണം. നമ്മിലെ നന്മ കൂടുതൽ പുറത്തേക്ക് പ്രകടിപ്പിക്കാനുള്ള അവസരമായി ഇത് നാം വളർത്തിയെടുക്കണം. ആരും തനിച്ചല്ലെന്നും എല്ലാവരും ഒപ്പമുണ്ടെന്നുമുള്ള ബോധ്യം അവർക്കു പകർന്നുകൊടുക്കാം. ഇതും കടന്നുപോകുമെന്ന് നമുക്ക്  നമ്മോട് തന്നെ പറയാം.

സ്നേഹാദരങ്ങളോടെ
**വിനായക് നിർമ്മൽ**
എഡിറ്റർ ഇൻ ചാർജ്

COVER STORY

സിബി അമ്പലപ്പുറം



# പാട്ടിന്റെ ‘സീതായനം’

'സപ്തസ്വരങ്ങളുണർന്നു..
രാഗലയങ്ങൾ വിടർന്നു'....

വേദിയിൽ കല്യാണിരാഗത്തിന്റെ ആരോഹണവരോഹണത്തിലൂടെ ഒരു മധുര സ്വരം അനർഗ്ഗളം ഒഴുകി പരന്നു..

സ്വരങ്ങളും ജതികളും ഗാനസാഹിത്യവും ശ്രുതിശുദ്ധമായി സദസ്സിലേയ്ക്ക് പ്രവഹിച്ചു. അതെ, കേരളം കണ്ട മികച്ച സംഗീതമത്സരത്തിന്റെ ഫൈനലിൽ 'സീതാലക്ഷ്മി' എന്ന പതിമൂന്നുകാരി പാടിത്തീർത്തത് പ്രൊഫഷണൽ സിങ്ങർ പുലർത്തേണ്ട എല്ലാ ഗുണഗണങ്ങളോടെയുമായിരുന്നു.

കേരളക്കരയാകെ അലയടിച്ച ഈ ഗാന പ്രപഞ്ചം അവസാനിക്കുമ്പോൾ സീതാലക്ഷ്മി എന്ന കുഞ്ഞുഗായിക 'ടോപ് സിങ്ങർ' സംഗീതമത്സരത്തിൽ വിജയകിരീടമുറപ്പിച്ചു.

മലയാളത്തിന്റെ സ്വന്തം എം. ജയചന്ദ്രനും എം. ജി. ശ്രീകുമാറും മധു ബാലകൃഷ്ണനും സിതാര കൃഷ്ണകുമാറും വിധികർത്താക്കളായി ഇരിപ്പുറപ്പിച്ച രണ്ടു വർഷത്തോളം നീണ്ട സംഗീതമത്സരത്തിൽ സീതാലക്ഷ്മി ടോപ് സിങ്ങറായി മാറിയപ്പോൾ മലയാളത്തിന് ഒരു പുതിയ പിന്നണി ഗായികയെ ലഭിക്കുകയായിരുന്നു.

അമ്പതുലക്ഷം രൂപയുടെ ഫ്ളാറ്റും നിരവധി സമ്മാനങ്ങളുമായി ഈ പതിമൂന്നുകാരിയുടെ ജീവിതം പത്താം ക്ലാസ്സിലെത്തി നിൽക്കുമ്പോൾ ഉയർച്ചകൾക്കും വിജയങ്ങൾക്കും കാരണമായത് അച്ഛൻ പ്രകാശ് പുതുനിലം,അമ്മ ബിന്ദു പ്രകാശ് എന്നിവരുടെ പരിധികളില്ലാത്ത പിന്തുണയാണ്.

## ഇരട്ടക്കുട്ടികളുടെ അച്ഛനും, അമ്മയും

ചങ്ങനാശ്ശേരി കറുമ്പനാടം ഗ്രാമത്തിൽ പുതുനിലം വീട്ടിൽ പ്രകാശ്, ബിന്ദു ദമ്പതികൾക്ക് സംഗീതം ഉപാസനയാണ്. സിംഗപ്പൂരിൽ ടെലികോം ജീവനക്കാരനായ പ്രകാശിനും ഭാര്യ ബിന്ദുവിനും ആദ്യകൺമണിയായ ശ്രീലക്ഷ്മിക്കു ശേഷം ലഭിച്ച ഇരട്ടക്കുട്ടികളാണ് സീതാലക്ഷ്മിയും സേതു ലക്ഷ്മിയും...

വളരെ ചെറുപ്രായത്തിലേ രണ്ടാളും പാടിത്തുടങ്ങിയിരുന്നു. അങ്ങനെ സംഗീതത്തിന്റെ  ആധികാരികമായ പഠനത്തിന്റെ വഴിയിലേയ്ക്ക് പ്രകാശ് കുഞ്ഞുങ്ങളെ വഴിനടത്തി. വാഴപ്പള്ളി മുരളീധര ഭക്തൻ, തൃക്കൊടിത്താനം പത്മകുമാർ എന്നീ ഗുരുക്കന്മാരുടെ കീഴിൽ സംഗീതമഭ്യസിച്ച സീതയും സേതുവും 11-ാം വയസ്സിൽ സംഗീതക്കച്ചേരി നടത്തി അരങ്ങേറ്റം കുറിച്ചു.

ഏഴുസ്വരങ്ങളുമായുള്ള യാത്രയിൽ ഏഴു വർഷത്തെ സംഗീതപഠനവുമായി തുടരുമ്പോഴായിരുന്നു കേരളമാകെ തരംഗമായി മാറിയ സംഗീത മത്സരവും സീതാലക്ഷ്മിയുടെ ആധികാരിക വിജയവും. ഇരട്ടക്കുട്ടികളുടെ അച്ഛനും അമ്മയും ഇന്നേറെ സന്തോഷത്തിലാണ്. സംഗീത പഠനത്തിൽ മുമ്പിലെന്നപോലെ സ്കൂൾ പരീക്ഷകളിലും സിലബസ് അനുസരിച്ചുള്ള മാർക്കിലും ഇവർ ഫുൾ എ പ്ലസ് ജേതാക്കൾ തന്നെയാണ്.

## പുതുനിലം വീടും മൂന്ന് നക്ഷത്രങ്ങളും

മൂന്നു വയസ്സ് മുതലാരംഭിച്ച സംഗീത വഴിയിൽ സീതാലക്ഷ്മിയാണ് വിജയങ്ങളുടെ അമരക്കാരിയെങ്കിലും ശ്രീലക്ഷ്മിയും സേതുലക്ഷ്മിയുമാണ് കൊച്ചുസീതയുടെ മെന്ററായും ഉപദേശകരായും സദാജാഗരൂകരായി ഒപ്പമുള്ളത്. പെൺകുരുന്നുകളെ ഏതെങ്കിലുമൊക്കെ രൂപത്തിൽ അവഗണിക്കുകയും മാറ്റിനിർത്തുന്നവരുടെയും ഈ വർത്തമാനകാലത്തിൽ ഏറെ മാതൃകയും ഉദാഹരണങ്ങളുമാകുന്നുണ്ട് ഈ പാട്ടുകുടുംബത്തിലെ സ്വരനക്ഷത്രങ്ങൾ.

## ഗ്രാമവും പള്ളിയും ഒപ്പം നടത്തുമ്പോൾ

ചങ്ങനാശ്ശേരി ചെത്തിപ്പുഴ പള്ളിയുടെ കലാസാംസ്കാരിക വിഭാഗമാണ് 'സർഗ്ഗക്ഷേത്ര'. ഫാ. അലക്സ് പാലക്കുളം നേതൃത്വം കൊടുക്കുന്ന സർഗ്ഗക്ഷേത്രയിലെ ആസ്ഥാനഗായികയായി അരങ്ങിനോടും സദസ്സിനോടും പേടിയില്ലാതെ വളർന്നതാണ് സീതാലക്ഷ്മി.

ചെറിയ പ്രായത്തിൽ പത്തോളം ആൽബങ്ങളും നിരവധി സ്റ്റേജ് പ്രോഗ്രാമുകളും ഈ ഗായികയുടെ കഴിവുതെളിയിക്കുന്നവയാണ്. കുറെയേറെ റിയാലിറ്റി സംഗീത മത്സരങ്ങളുടെ ഫൈനലിസ്റ്റും വിജയിയുമാണ് സീതാലക്ഷ്മി. ഇൻഡ്യൻ മലയാളി അസ്സോസിയേഷൻ ചെന്നൈയിൽ നടത്തിയ മെഗാമത്സരത്തിന്റെ ഫൈനലിലൂടെയാണ്




സംഗീതലോകം ഈ ഗായികയെ ശ്രദ്ധിച്ചുതുടങ്ങിയത്. സമൂഹമാധ്യമങ്ങളിൽ ലക്ഷക്കണക്കിനു ഫോളോവേഴ്സും ആരാധകരുമുള്ള സീതാലക്ഷ്മിക്ക് കൂടുതൽ പഠനത്തിന്റെ ഭാഗമായി ഗുരുസ്ഥാനീയ സംഗീതാദ്ധ്യാപിക ശ്രീക്കുട്ടി പ്രശാന്ത് കൂടെയുണ്ട്.

## സീതായനത്തിലെ അനുഗ്രഹീതർ

ഒട്ടേറെ മലയാളം സൂപ്പർ ഹിറ്റുകൾ സമ്മാനിച്ച ഗുരുതുല്യനായ സംഗീതസംവിധായകൻ പെരുമ്പാവൂർ ജി. രവീന്ദ്രനാഥ് 'കണ്ണിൽ... നിൻ മെയ്യിൽ' എന്ന സ്വന്തം ഗാനം പെർഫെക്ഷനോടെ പാടിയ സീതാലക്ഷ്മിയെ നേരിട്ട് ഫോണിൽ വിളിച്ച് അഭിനന്ദനവും അനുഗ്രഹവും നൽകിയത് ഈ കുഞ്ഞുഗായികയുടെ സന്തോഷം ഇരട്ടിയാക്കുന്നു. മലയാള സിനിമാരംഗത്തെ പ്രഗത്ഭരായ ഒട്ടുമിക്കവരും സീതാലക്ഷ്മിയുടെ അസാമാന്യപ്രതിഭയെ അനുഗ്രഹങ്ങളോടെ അംഗീകരിച്ചവരാണ്. മലയാളത്തിന്റെ വാനമ്പാടി ചിത്ര വരെ സീതാലക്ഷമിയുടെ ആലാപനത്തിന് പ്രതിഭയുടെ തിളക്കമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിലെ നൂറുകണക്കിനു കുഞ്ഞുഗായകരുൾപ്പെട്ട വലിയ മത്സരത്തിന്റെ വിധികർത്താക്കളായ എം.ജി. ശ്രീകുമാറും എം. ജയചന്ദ്രനും എണ്ണമറ്റ അഭിനന്ദനങ്ങൾകൊണ്ട് ഈ ഗായികയുടെ കഴിവുകളെ സംഗീതലോകത്തിന് പരിചയപ്പെടുത്തിയിട്ടുണ്ട്.

## ഭാവിയിലെ വാനമ്പാടി

ശ്രേഷ്ഠഭാഷയായ മലയാളത്തെ ഉച്ചാരണം കൊണ്ട് ജ്വലിപ്പിക്കുകയും രാഗസഞ്ചാരവഴികളെ ശ്രുതിശുദ്ധത കൊണ്ട് അനുഭവിപ്പിക്കുകയും ചെയ്യുന്ന സീതാലക്ഷ്മി തീർച്ചയായും മലയാളസിനിമയുടെ ഗാനശാഖയിൽ അത്ഭുതം സൃഷ്ടിക്കാൻ ശേഷിയുള്ള ഗായികയാണ്. മലയാളത്തിനു പുറമെ തമിഴും തെലുങ്കും മറ്റ് ഭാഷകളുമൊക്കെ ഈ ചെറുപ്രായത്തിലും സീതാലക്ഷ്മിക്ക് ഏറെ പ്രിയപ്പെട്ടതും വഴങ്ങുന്നതുമാണ്. കോവിഡ് മഹാമാരിയുടെ സാഹചര്യങ്ങളിൽ ഒട്ടേറെ ഗാനങ്ങളും സിനിമയുടെ അവസരങ്ങളും നീട്ടിവയ്ക്കേണ്ടി വന്നതിനാൽ ഏവരെയും പോലെ ഈ ഗായികയും അതിജീവനത്തിന്റെ നാൾവഴികളിൽ ഓൺലൈൻ ക്ലാസ്സുകളും പ്രോഗ്രാമുകളുമായി തുടരുന്നുണ്ട്.

സിംഗപ്പൂരിൽ ജോലിനോക്കുന്ന അച്ഛന്റെ ഉപദേശങ്ങളും സംഗീതപാഠങ്ങളും കരിയറിലുണ്ടാക്കിയ ക്രിയാത്മകമായ വളർച്ചയെക്കുറിച്ച് അഭിമാനത്തോടെയാണ് സീതാലക്ഷ്മി ഓർമ്മിക്കുന്നത്.

അമ്മയാകട്ടെ, സീതയുടെ നിഴലായി പഠനവും സംഗീതപരിപാടികളും ഒക്കെ കൃത്യമായി പ്ലാൻ ചെയ്യുകയും അവളുടെ സപര്യയെ ആവുംപോലെ പ്രോൽസാഹിപ്പിച്ച് നമുക്കിടയിലേയ്ക്ക് സീതയെ ഒരുക്കിനിർത്തുന്നുമുണ്ട്.

പുതുനിലം വീട്ടിലെ സംഗീതത്തിന്റെ സന്തോഷശബ്ദം മലയാളക്കരയാകെ നിറയാൻ ഇനി അരനാഴിക നേരം മാത്രം. കോവിഡാനന്തരലോകത്തെ സിനിമകളുടെ ഗാനവരികളിലൂടെ സീതാലക്ഷ്മിയുടെ മധുരസ്വരം നമ്മുടെ കാതുകളിലേയ്ക്കും മനസ്സുകളിലേയ്ക്കും എത്തുകതന്നെചെയ്യും.

**കോവിഡാനന്തരലോകത്തെ സിനിമകളുടെ ഗാനവരികളിലൂടെ സീതാലക്ഷ്മിയുടെ മധുരസ്വരം നമ്മുടെ കാതുകളിലേയ്ക്കും മനസ്സുകളിലേയ്ക്കും എത്തുകതന്നെ ചെയ്യും.**



ജോസ് ആൻഡ്രൂസ്



# കൊല്ലരുത്

കൊല്ലരുത്; ഇതൊരു കല്പന മാത്രമല്ല. വായിക്കാനും കേൾക്കാനും കാണാനും എഴുതാനുമൊക്കെ എനിക്ക് ഏറ്റവും വിഷമമുള്ള വാർത്തയാണ് കൊലപാതകം. എന്നിട്ടും പറയാതെ വയ്യ. അത്രത്തോളം മനസിനെ വിഷമിപ്പിക്കുന്ന മറ്റൊരു കാര്യവുമില്ല ജീവിതത്തിൽ. ആ വിഷമം പെട്ടെന്നൊന്നും അവസാനിക്കുകയുമില്ല. ചില സന്ദർഭങ്ങളിൽ കൊല്ലപ്പെട്ടത് നമ്മുടെ ആരുമല്ലല്ലോയെന്നും അല്ലെങ്കിൽ മരിച്ചയാളും ക്രിമിനലാണെന്നുമൊക്കെ ഓർത്ത് ചിന്തകൾ അവസാനിപ്പിക്കാൻ ശ്രമിക്കാറുണ്ട്. പക്ഷേ, അതൊന്നും ഇന്നുവരെ വിജയിച്ചിട്ടില്ല.

ഒരു പതിനഞ്ചുകാരൻ കൊല്ലപ്പെടുകയും അവന്റെ സംസ്കാരത്തിന്റെ വാർത്തയും ചിത്രവും പത്രത്തിൽ വരികയും ചെയ്ത ദിവസമാണ് ഞാനിതെഴുതുന്നത്.

നിങ്ങളിതു വായിക്കുമ്പോഴേക്കും ആ കൊലപാതക വാർത്ത പഴയതായിക്കഴിഞ്ഞിരിക്കും. പക്ഷേ, ഒരാൾ ഇല്ലാതായപ്പോഴുണ്ടായ വിടവ് അയാൾക്കു വേണ്ടപ്പെട്ടവരുടെ മനസിൽ ശൂന്യമായിത്തന്നെ കിടക്കും.

ഇതെഴുതാൻ പ്രേരകമായ ചിത്രങ്ങളിലൊന്ന് മകന്റെ മൃതദേഹത്തിനടുത്തുനിന്ന് അച്ഛൻ കരയുന്നതാണ്.

അയാളുടെ മുഖത്തേക്ക് ഞാനൊന്നു ശ്രദ്ധിച്ചു നോക്കി. കരയുകയാണ്. സ്വന്തം മുഖം മറ്റുള്ളവർ കാണുമ്പോൾ പരമാവധി നല്ലതായിരിക്കണമെന്ന ഉദ്ദേശത്തോടെയാണല്ലോ ആളുകൾ ഭാവങ്ങൾ വരുത്തുന്നത്. കരയുന്ന മനുഷ്യർ മാത്രം അതൊന്നും ശ്രദ്ധിക്കുകയില്ല. മറ്റുള്ളവർ കാണുമെന്ന ചിന്തയൊന്നും അത്തരക്കാർക്ക് ഉണ്ടാവില്ല. മുടി ചീകിയിട്ടില്ലെന്നും



മുഖത്താകെ എണ്ണമയമാണെന്നും  ഷർട്ടിന്റെ കോളർ ഷെയ്പിലല്ലെന്നുമൊന്നും അയാൾ ചിന്തിക്കില്ല.

ഞാനീ പറയുന്ന മനുഷ്യനും അത്തരമൊരു അവസ്ഥയിലാണ്. കാരണം അയാൾ തന്റെ മകന്റെ മൃതദേഹത്തിനടുത്തുനിന്നാണ് നിലവിളിക്കുന്നത്. താനിപ്പോൾ മുതിർന്ന മനുഷ്യനാണെന്നും കുട്ടികൾ പോലും കണ്ടുകൊണ്ടിരിക്കുകയാണെന്നും അയാൾ ഓർമിക്കുന്നില്ല. അയാൾക്ക് ഒരു നാണവുമില്ല. തന്റെ മകന്റെ തണുത്ത ശരീരത്തിനു മുന്നിലിരുന്ന് കുട്ടികളെപ്പോലെ വായ തുറന്നു കരയുകയാണ്. അയാളുടെ ജീവിതത്തിൽ ഉണ്ടായിരുന്ന സുഖങ്ങളെല്ലാം കുറച്ചു ക്രിമിനലുകൾ എടുത്തു കളഞ്ഞിരിക്കുന്നു.

അവൻ തന്നെ അച്ഛായെന്നു വിളിച്ച് ഇനിയൊരിക്കലും അരികെയെത്തില്ല. ഒന്നും ആവശ്യപ്പെടുകയില്ല. എടാ കൊച്ചേയെന്നു വിളിച്ച് അവനോടിനി ഒരു കാര്യവും പറയാനാവില്ല. അവൻ വീട്ടിലുണ്ടെന്ന ആശ്വാസത്തിൽ അയാൾക്ക് ഇനി സമാധാനത്തോടെ എങ്ങും പോകാനും വരാനുമാകില്ല. ജീവിതത്തിൽ ഒരിക്കലും അയാൾ ഇത്ര വേദനയോടെ നിലവിളിച്ചിട്ടില്ല. അവനോടുള്ള ഇഷ്ടത്തിന്റെ, അവൻപോലും അറിഞ്ഞിട്ടില്ലാത്ത പൂർണരൂപമാണത്. ഇനി അവനെ തൊട്ടും കണ്ടും സ്നേഹിക്കാനാവില്ലെന്ന പിതൃവേദനയും അതിലുണ്ട്.  ഇതുവരെ പ്രകടിപ്പിക്കാത്ത വാത്സല്യമെല്ലാം അതിലുണ്ട്. അവനാകട്ടെ അതൊന്നും കാണുന്നില്ല, കേൾക്കുന്നില്ല. അവന്റെ നിർവികാരത അച്ഛന്റെ നെഞ്ചു പിളർക്കുകയാണ്. അച്ഛന്റെ മാത്രമല്ല, അമ്മയുടെ, സഹോദരങ്ങളുടെ, ബന്ധുക്കളുടെ, കൂട്ടുകാരുടെയൊക്കെ അവസ്ഥ ഇതാണ്. അവരുടെയൊക്കെ ഇനിയുള്ള ജീവിതത്തിൽ നികത്താനാവാത്ത ഒരു ശൂന്യത, ഇരുട്ടു പരത്തും. അതങ്ങനെ ഇല്ലാതാക്കാനൊന്നും പറ്റില്ല. ആ ശൂന്യതയിലൂടെ  മറ്റു പലതും മുളച്ചുപൊന്തുകയും ചെയ്യും. ദുഃഖം, നിരാശ, പക, പകരം വീട്ടാനുള്ള വാഞ്ഛ, മനുഷ്യത്വത്തിലുള്ള അവിശ്വാസം... എന്നിങ്ങനെ പലതും. അങ്ങനെ ഓരോ കൊലപാതകവും സമൂഹത്തിൽ പുതിയ കുറ്റങ്ങൾക്കും പുതിയ കൊലപാതകങ്ങൾക്കും വഴിയൊരുക്കുന്നുമുണ്ട്. പുതിയ ക്രിമിനലുകളെ സൃഷ്ടിക്കുന്നുമുണ്ട്.

## വെള്ള പുതച്ചവർ

മുകളിൽ പറഞ്ഞത്, കൊലപാതകമാണെന്നല്ലാതെ രാഷ്ട്രീയമാണോ മതപരമാണോ വ്യക്തിപരമാണോ എന്നതൊന്നും പ്രശ്നമല്ല. അത് ആരാണെന്നതും പ്രശ്നമല്ല. ചിലപ്പോൾ ചോര വാർന്ന ആ മൃതദേഹത്തിന്റെ പേര് അഭിമന്യു എന്നാകാം. മറ്റൊരിക്കൽ ടി.പി. ചന്ദ്രശേഖരൻ, ജയകൃഷ്ണൻ, ഷുക്കൂർ, നിർഭയ, ഗ്രഹാം സ്റ്റെയിൻ, റാണി മരിയ... അങ്ങനെയങ്ങനെ....

ചുവപ്പും പച്ചയും ത്രിവർണവും വെള്ളയുമൊക്കെ പുതപ്പിച്ച് അവരെ അങ്ങനെ കിടത്തിയിരിക്കുകയാണ് നമ്മുടെ രാഷ്ട്രീയവും ജനാധിപത്യവും സംസ്കാരവും ദേശഭക്തിയുമൊക്കെ എവിടെയോ ഒരു കത്തി ഒളിപ്പിച്ചുവച്ചിരിക്കുന്നു.

സാധാരണ മരണത്തിലും ആളുകൾ ആത്മഹത്യ ചെയ്യുമ്പോഴും നമുക്ക് വിഷമമുണ്ട്. പക്ഷേ, കൊലപാതകം അതിനൊക്കെ മുകളിലാണ്. മനസിനെ ഒത്തിരി താഴേക്കാണ് അതു കൊണ്ടുപോകുന്നത്. ഏറെ നാളുകൊണ്ടും പ്രയത്നംകൊണ്ടും നമ്മൾ ഒപ്പിച്ചെടുത്ത സന്തോഷത്തിന്റെ തുരുത്തുകളെയെല്ലാം ഒരൊറ്റ വെട്ടിന് അതു ചോരയിൽ മുക്കിക്കളയുന്നു.

എല്ലാ അക്രമങ്ങളുടെയും പാരമ്യതയാണ് കൊലപാതകം. കൊലപാതകം, കൂട്ടക്കൊലപാതകം, വർഗീയ കൊലപാതകം, വധശിക്ഷ, വംശഹത്യ, യുദ്ധം....എല്ലാമെല്ലാം കൊലപാതകമാണ്. അതൊന്നും ഭക്ഷണത്തിനുവേണ്ടിയല്ല, ഈഗോകൊണ്ടും നമ്മൾതന്നെ കെട്ടിപ്പടുത്ത വിജയപരാജയ സങ്കല്പങ്ങളാലുമാണ്. മൃഗങ്ങൾ സാധാരണ ചെയ്യാത്ത കാര്യമാണ് ഭക്ഷണത്തിനുവേണ്ടിയല്ലാത്ത കൊലപാതകം.

ശരിക്കും ഒരു ആവശ്യവുമില്ലാത്ത കാര്യമാണ് കൊലപാതകം. കുറ്റവാസനയുള്ളവർ പരാജയഭീതിയിൽ ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്ന കാര്യമാണത്. ചിലർ പണത്തിനുവേണ്ടി കരാറടിസ്ഥാനത്തിലും അതു ചെയ്യാറുണ്ട്.

## തുടർക്കഥ

ഓരോ കൊലപാതകവും കഴിയുമ്പോൾ ലോകം അതിനു മുമ്പുള്ളതുപോലെയല്ല. വളരെ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. ഇരകളുടെ ബന്ധുക്കളുടെ സ്വഭാവത്തിൽ വലിയ മാറ്റമുണ്ടാകുന്നു എന്നതാണ് അതിൽ ഏറ്റവും അപകടകരമായ കാര്യം. അയാളുടെ അടുത്ത ആളുകളിൽ ഒരു വിഭാഗം ഒരു പക്ഷേ, ആദ്യമായി കൊലപാതകത്തെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങുകയും പകരംവീട്ടലിന്റെ ഭാഗമായി കൊലയാളിയാകുന്നതിനെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങുകയും ചെയ്യും. ഇങ്ങനെ അക്രമികളുടെയും കൊലപാതകികളുടെയും പട്ടികയിലേക്ക് കൂടുതൽ പേർ ചേരുകയാണ്. ചുരുക്കത്തിൽ ഒരോ കൊലപാതകവും പുത്തൻ കൊലപാതക സാധ്യതകൾ ഉണ്ടാക്കുകയാണ്.

പുത്തൻ ക്രിമിനലുകളെ സൃഷ്ടിക്കുകയാണ്. ലോകത്തെ കൂടുതൽ അപകടത്തിലേക്കു നയിക്കുകയാണ്.

## ക്രൂരത പറയുന്നത്

കൊലപാതകത്തിന്റെ ഭീകരത അനന്തരഫലങ്ങളുടെ ഭീകരതയെയും വർധിപ്പിക്കുന്നു. ചിലർ ക്രൂരമായി കൊല്ലുന്നു. ആവശ്യത്തിലേറെ വെട്ടുവെട്ടിയും കൊല്ലുന്നതിനുമുമ്പ് ഇരയെ പീഡിപ്പിച്ചും ക്രൂരത കാട്ടിയും ഒക്കെ. ഒരാളെ രഹസ്യമായി തൂക്കിക്കൊന്നു എന്നു കേൾക്കുന്നതുപോലെയല്ല, പൊതു സ്ഥലത്ത് പരസ്യമായി വധശിക്ഷ നടപ്പാക്കുന്നത്. മൃഗങ്ങളോടുപോലും ചെയ്യാത്ത വിധമാണ് ചില കൊലപാതകങ്ങൾ അരങ്ങേറുന്നത്.

അവർ ജയിക്കുകയല്ല, വിജയം മോഷ്ടിക്കുകയാണ്. തങ്ങൾക്ക് വ്യക്തിപരമായോ സംഘപരമായോ ഉള്ള ശക്തി പ്രകടിപ്പിക്കുകയാണ്. മറ്റുള്ളവരെ ഭയപ്പെടുത്താൻ ശ്രമിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളും മതതീവ്രവാദികളും വംശീയവാദികളുമൊക്കെ ഇങ്ങനെ അർഹതയില്ലാത്ത വിജയം തട്ടിയെടുക്കാൻ ശ്രമിക്കുന്ന കാഴ്ച വർധിക്കുകയാണ്.

എന്തിനാണ് മലയാളി ഇങ്ങനെ കൊന്നു കൂട്ടുന്നതെന്ന് ആർക്കെങ്കിലും അറിയാമോ? ഉത്തരേന്ത്യയിൽ വർഗീയതയുടെയും ജാതിയതയുടെയും പേരിൽ കൊന്നൊടുക്കുമ്പോൾ നമ്മൾ അവരെ പരിഹസിക്കാറുണ്ട്. വിദ്യാഭ്യാസവും വിവരവുമില്ലാത്തവർ എന്നു പറഞ്ഞ്. വിദ്യാഭ്യാസവും വിവരവും മതേതര രാഷ്ട്രീയബോധവും ഉള്ളവരെന്നു പൊങ്ങച്ചം പറയുന്ന നമ്മൾ മലയാളികളും സഹജീവിയെ കൊല്ലുന്നു. ഇതിൽ ഏതു കൊലപാതകമാണ് നല്ലത്?

നാം എന്തിനാണ് സ്കൂളിലും കോളജിലുമൊക്കെ പോയത്, എന്തിനാണ് സ്വാതന്ത്ര്യം നേടിയത്, എന്തിനാണ് മതവിശ്വാസിയായത്, എന്തിനാണ് ലോകം നന്നാക്കാൻ രാഷ്ട്രീയക്കാരനായത്...? എല്ലാം വെറുതെയായില്ലേ?

## എന്തു ചെയ്യണം

എ. അയ്യപ്പന്റെ ഒരു കവിതയിൽനിന്നു കേൾക്കുക.

*'എന്റെ ശവപ്പെട്ടി ചുമക്കുന്നവരോട്*
*ഒസ്യത്തിലില്ലാത്ത ഒരു രഹസ്യം*
*പറയാനുണ്ട്.*
*എന്റെ ഹൃദയത്തിന്റെ സ്ഥാനത്ത്*
*ഒരു പൂവുണ്ടായിരിക്കും;*
*ജിജ്ഞാസയുടെ ദിവസങ്ങളിൽ*
*പ്രേമത്തിന്റെ ആത്മതത്വം*
*പറഞ്ഞുതന്നവളുടെ ഉപഹാരം*
*മണ്ണു മൂടുന്നതിനു മുമ്പ്*
*ഹൃദയത്തിൽനിന്ന് ആ പൂ പറിക്കണം*
*ദലങ്ങൾകൊണ്ട് മുഖം മൂടണം...'*

മനുഷ്യരാശിയുടെ ഹൃദയസ്ഥാനത്തെ പൂവുകൾ എടുത്തു മാറ്റി മണ്ണിട്ടു മൂടുന്നവരോട് കേരളം മാനിഷാദ പറയാൻ വൈകിക്കഴിഞ്ഞു. കൊല്ലപ്പെടുന്നവർ നമ്മുടെ ആരുമല്ലെന്നു കരുതി ആശ്വസിക്കരുത്. മനുഷ്യത്വമില്ലായ്മയാണത്. പറ്റുന്നിടത്തെല്ലാം ശബ്ദമുയർത്തണം. പ്രതികാരത്തിനായി നിലവിളിക്കുന്ന കൊല്ലപ്പെട്ടവരുടെ ചോര എന്തായാലും ഭൂമിയിൽ നിന്നു മുകളിലേക്കൊഴുകുന്ന ഒരു നദിയായിട്ടുണ്ട്.

രാഷ്ട്രീയ കൊലപാതകങ്ങൾ സംഘടിതമാണ്. അവർ ജനാധിപത്യത്തെയും രാജ്യതാത്പര്യത്തെയും സംരക്ഷിച്ചിരിക്കുന്നുവെന്ന് ഭാവിക്കുന്നു. നമ്മുടെ ഉറക്കം കെടുത്തുന്നു. ഒരേ സമയം ഇരയായി വിലപിക്കുകയും വേട്ടക്കാരനായി കുരയ്ക്കുകയും ചെയ്യുന്നു.

പൊതുസമൂഹം കൊലയാളിയെയും അയാളുടെ പിന്നിലുള്ളവരെയും ഭയപ്പെടുന്നതിലുപരി വെറുക്കുകയാണെന്നും കൊലയാളിയുടെ മരണത്തിൽ മാത്രമാണ് സഹജീവികൾ സങ്കടപ്പെടാതിരിക്കുന്നതെന്നും അവരെ ബോധ്യപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കിട്ടുന്ന വേദികളിലെല്ലാം മലയാളി പറയണം, കൊല്ലരുത്.

**മനുഷ്യരാശിയുടെ ഹൃദയസ്ഥാനത്തെ പൂവുകൾ എടുത്തു മാറ്റി മണ്ണിട്ടു മൂടുന്നവരോട് കേരളം മാനിഷാദ പറയാൻ വൈകിക്കഴിഞ്ഞു. കൊല്ലപ്പെടുന്നവർ നമ്മുടെ ആരുമല്ലെന്നു കരുതി ആശ്വസിക്കരുത്.**






# ജോലിസമ്മർദം വീണ്ടും ചർച്ചയാകുമ്പോൾ...

യുവ ബാങ്കുദ്യോഗസ്ഥയുടെ ആത്മഹത്യ ജോലി ഏല്പിക്കുന്ന സമ്മർദ്ദങ്ങളെക്കുറിച്ചുള്ള തുറന്ന ചർച്ചയ്ക്ക് ഇതിനകം വഴിതെളിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക തരം ജോലി ചെയ്യുന്നവർക്ക് മാത്രമുള്ളതല്ല ജോലിയിലെ സമ്മർദ്ദങ്ങൾ എന്നതാണ് ഒരു യാഥാർത്ഥ്യം. എന്നാൽ ചില പ്രത്യേക ജോലി ചെയ്യുന്നവർക്ക് ആ സമ്മർദം കടുത്തതായിരിക്കും എന്നു മാത്രം. മാർക്കറ്റിങ് എക്സിക്യൂട്ടീവായും മറ്റും ജോലി ചെയ്യുന്നവരുടെ സമ്മർദങ്ങൾ കനത്തതാണ്. ഏറിയും കുറഞ്ഞും എല്ലാ ജോലികൾക്കും അതിന്റേതായ സമ്മർദമുണ്ട്.

ആഴ്ചയിലൊരു ദിവസമുള്ള ഓഫ് ഡേ ഒരർത്ഥത്തിൽ വീണ്ടും എനർജി ചാർജ് ചെയ്യാനുള്ള അവസരമാണ്. അതുപോലെ അവധിദിനങ്ങൾ. എന്നാൽ ചില ജോലികളിൽ അതുപോലും നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളുണ്ട്. ജോലിയോടുള്ള ആത്മാർത്ഥതയും ജോലിയിലുള്ള സന്തോഷവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇഷ്ടമില്ലാത്ത ജോലി ചെയ്യുന്നവർക്കൊരിക്കലും ജോലിയിൽ സന്തോഷം കണ്ടെത്താൻ കഴിയില്ല. അതുപോലെ തൊഴിലിടങ്ങളിൽ ആരോഗ്യകരമായ സൗഹൃദബന്ധങ്ങൾ രൂപപ്പെടുത്തിയിട്ടില്ലാത്ത ഒരാൾക്കും അവിടെ തുടരാൻ കഴിയില്ല. ഓരോ ദിവസവും ചെയ്തുതീർക്കേണ്ട ജോലികൾ അന്നു തന്നെ ചെയ്തുതീർക്കാൻ ശ്രമിക്കുക. നാളെ ചെയ്യാം എന്ന് കരുതി മാറ്റിവയ്ക്കുന്ന ജോലികൾ വലിയ ഭാരമാണ് ഉദ്യോഗസ്ഥരിൽ ഏല്പിക്കുന്നത്. കൃത്യസമയത്ത് ജോലിക്ക് വരുന്നതുപോലെ പ്രധാനപ്പെട്ടതാണ് കൃത്യ സമയത്ത് ജോലി പൂർത്തിയാക്കി ഓഫീസ് വിടുന്നതും. എന്നാൽ ചില മാനേജുമെന്റുകളുടെ തെറ്റായ ധാരണ നിശ്ചിത സമയം കഴിഞ്ഞും ജോലി ചെയ്യുന്നവർക്ക് മാത്രമാണ് സ്ഥാപനത്തോട് ആത്മാർത്ഥതയുള്ളൂ എന്നാണ്. ഒരാൾ തന്നിൽ ഏല്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നുണ്ടെങ്കിൽ, കൃത്യസമയത്ത് ഓഫീസിൽ നിന്ന് പുറത്തിറങ്ങുന്നുണ്ടെങ്കിൽ അതിന്റെ പേരിൽ ആ വ്യക്തിയെ അഭിനന്ദിക്കുകയാണ് വേണ്ടത്.

ഒരു സ്ഥാപനത്തിന് വേണ്ടിയും തീറെഴുതികൊടുക്കപ്പെട്ടതല്ല ഒരു വ്യക്തി ജീവിതവും. സ്ഥാപനത്തെ ഉദ്യോഗസ്ഥന് വേണ്ടതുപോലെ തന്നെ സ്ഥാപനത്തിന് ഉദ്യോഗസ്ഥനെയും വേണം. അത്തരമൊരു പരസ്പരവിശ്വാസവും ധാരണയും ആവശ്യകതയും ഉണ്ടെങ്കിൽ ജോലിയുടെ അന്തരീക്ഷം സുഗമമായി മുന്നോട്ടുപോകും. സ്വന്തം സന്തോഷങ്ങൾ വേണ്ടെന്ന് വയ്ക്കാതിരിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ജോലി ചെയ്ത് നടുവൊടിച്ച് സ്ഥാപനങ്ങളിൽ നിന്ന് ചണ്ടി പോലെ വലിച്ചെറിയപ്പെടുന്നവർ ഒരുപാടുപേരുണ്ട്. അതുകൊണ്ട് വാങ്ങുന്ന പ്രതിഫലത്തോട് കൂറുപുലർത്തി കൊണ്ടുതന്നെ സ്വന്തം സന്തോഷങ്ങൾ നഷ്ടപ്പെടുത്താതെ ജോലി ചെയ്യുക. വിനോദങ്ങളിൽ ഏർപ്പെടുക. മുഴുവൻ സമയവും ജോലി ചെയ്താൽ മുഴുവൻ കാലം ജോലി ചെയ്യാൻ കഴിയില്ലെന്ന് മറന്നുപോകരുത്. സ്വന്തം സന്തോഷം മറന്നുപോകാതെ ജോലിയിൽ സന്തോഷം കണ്ടെത്തണം.

FAMILY

ഡോ. സി. റോസ് ജോസ് സി. എച്ച്. എഫ്

# വളർത്താൻ വേണ്ടിയുള്ള വഴക്കുകൾ

പരസ്പരം കലഹിക്കാത്ത, പിണങ്ങാത്ത, ശണ്ഠകൂടാത്ത ദമ്പതികളുണ്ടാവുമോ? ഇല്ല. ഇനി പിണങ്ങിയില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ മിക്കവാറും അതിന് മുമ്പിൽ രണ്ടു സാധ്യതകളുണ്ട്. രണ്ടുപേരും ഒന്നുകിൽ വിശുദ്ധരായിരിക്കും. അല്ലെങ്കിൽ കാര്യകാരണങ്ങൾ തിരിച്ചറിയാനോ മനസ്സിലാക്കാനോ പ്രാപ്തിയില്ലാത്തവരായിരിക്കും.

ഈ രണ്ടു സാധ്യതകൾക്കപ്പുറം നിത്യജീവിതത്തിൽ, കുടുംബജീവിതത്തിൽ കലഹിക്കാത്ത ദമ്പതിമാർ കുറവാണ്. ദാമ്പത്യത്തിലെ സ്നേഹബന്ധം പോലെ തന്നെ പ്രധാനപ്പെട്ടതാണ് ദമ്പതികൾ തമ്മിലുള്ള വഴക്കുകൂടലുകളും. അതൊരു സാധാരണ സംഭവവുമാണ്.

എന്നാൽ ഒരു കാര്യം ആദ്യമായും അവസാനമായും ദമ്പതികൾ മനസിലാക്കിയിരിക്കണം. ദമ്പതികൾ തമ്മിലുള്ള വഴക്കുകൂടലുകൾ ആരോഗ്യകരമായിരിക്കണം. ആരോഗ്യകരമായി എങ്ങനെ വഴക്കുകൂടാം എന്ന് ദമ്പതികൾ മനസ്സിലാക്കുന്നത് ശരിയായ ആശയവിനിമയത്തിനും പ്രശ്ന പരിഹാരത്തിനും ഏറെ സഹായകരമാകും. പലരുടെയും വിചാരം വഴക്കുകൾ കുടുംബ





ജീവിതത്തെ തകർക്കും എന്നാണ്. ആരോഗ്യ കരമായ വഴക്കുകൾ ദമ്പതികൾ തമ്മിലുള്ള സ്നേഹത്തെയും ദാമ്പത്യജീവിതത്തെയും ഏറെ വളർത്തും.

പങ്കാളികൾ തമ്മിൽ പരസ്പരം കൂടുതൽ മനസ്സിലാക്കാൻ വഴക്കുകൂടലുകൾ സഹാ യിക്കും. ദമ്പതികൾ തമ്മിലുള്ള വഴക്കുകൾ പലപ്പോഴുംപെട്ടെന്നൊരു നിമിഷം കൊണ്ട് സംഭവിക്കുന്നവയല്ല. പരസ്പരം തുറന്നു പറയാതെ ഉള്ളിൽ അടക്കിവച്ചിരിക്കുന്ന തെറ്റിദ്ധാരണകളോ നീരസങ്ങളോ ഒക്കെയാ യിരിക്കും പ്രത്യേക ഒരു സാഹചര്യത്തിൽ ഏതെങ്കിലും കാരണങ്ങളുടെ പേരിൽ ഒന്നൊ ന്നായി മാലപ്പടക്കം പോലെ പൊട്ടിത്തെറിക്കു ന്നത് എന്ന കാര്യവും മറക്കരുത്.

നിസ്സാരമായിരിക്കും പല ദമ്പതികൾക്കി ടയിലെയും പ്രശ്നങ്ങൾ. എന്നാൽ ഈ പ്രശ് നങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയാണ് പ്രശ്നം വഷളാക്കുന്നത്. ഇങ്ങനെ കൊ ച്ചുകൊച്ചുകാര്യങ്ങൾ മനസ്സിൽ സൂക്ഷിച്ച് വിഷമിക്കുന്ന ദമ്പതിമാർ ഒരുപാടുണ്ട്.

വഴക്കുണ്ടാകുമ്പോൾ സംഭവിക്കുന്ന ഗുണകരമായ കാര്യം പങ്കാളിയുടെ അവ ഗണിക്കപ്പെടുന്ന മാനസികാവസ്ഥ ഒരു വഴക്കുണ്ടാക്കുമ്പോൾ പെട്ടെന്ന് പുറത്തു വരും എന്നതാണ്. ആ മനസ്സിന്റെ അവസ്ഥ സുഖമാക്കിയെടുക്കാൻ പങ്കാളിക്ക് കഴിയ ണം. മറ്റൊരു ഗുണം, വഴക്കു കഴിഞ്ഞാൽ

**വഴക്കുണ്ടായതിന് ശേഷം പ്രശ്നം പരിഹരിക്കുന്ന രീതിക്ക് പകരം സംഭവിക്കാനിരിക്കുന്ന, ഉണ്ടാകാനിരിക്കുന്ന വഴക്കിനെ ബോധപൂർവ്വം ഒഴിവാക്കി ദമ്പതികൾ തമ്മിൽ കൂടുതൽ സ്നേഹത്തിലേക്ക് വളരാനും കഴിയണം.**

കൂടുതൽ സ്നേഹം തോന്നും എന്നതാണ്. സ്നേഹം തോന്നിക്കുകയും വേണം. ആത്മബന്ധം വർദ്ധിക്കാനും ഹൃദയൈക്യം ഇരട്ടിയാകാനും ഇത്തരം വഴക്കുകൂടലുകൾ ക്ക് കഴിയും, കഴിയണം. പ്രശ്നപരിഹാരത്തി ലേക്ക് എത്തുകയും കൂടുതൽ ആത്മബന്ധം രൂപപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ ദമ്പതികൾക്കിടയിലുള്ള വഴക്ക് ഗുണകരമാ യി മാറുകയുള്ളൂ.

ഇനി ഇതിന്റെ മറ്റൊരു വശം കൂടിയുണ്ട്. വഴക്കുണ്ടായതിന് ശേഷം പ്രശ്നം പരിഹ രിക്കുന്ന രീതിക്ക് പകരം സംഭവിക്കാ നിരിക്കുന്ന, ഉണ്ടാകാനിരിക്കുന്ന വഴക്കിനെ ബോധപൂർവ്വം ഒഴിവാക്കി ദമ്പതികൾ തമ്മിൽ കൂടുതൽ സ്നേഹത്തിലേക്ക് വളരാനും കഴിയണം. അതെങ്ങനെയെന്ന് നോക്കാം.

വിവാഹജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ച ദമ്പതികളെ പരിചയ പ്പെട്ടഅവസരത്തിൽ എന്താണ് നിങ്ങളുടെ ദാമ്പത്യജീവിതത്തിന്റെയും സന്തോഷ ത്തിന്റെയും രഹസ്യമെന്ന് ചോദിച്ചപ്പോൾ ഭർത്താവിന്റെ മറുപടി ഇങ്ങനെയായിരുന്നു. ഞങ്ങളുടെ ദാമ്പത്യജീവിതത്തിന്റെ രഹസ്യം ശുദ്ധവായുവാണ്. ശുദ്ധവായുവോ എന്ന് അമ്പരപ്പോടെ ചോദിച്ചപ്പോൾ ഭർത്താവ് അതിനെ വിശദീകരിച്ചത് ഇങ്ങനെയാണ്.

വിവാഹം കഴിഞ്ഞ ദിവസം തന്നെ ഞാൻ അവളോട് പറഞ്ഞു പെണ്ണേ എനിക്ക് ചില സമയത്ത് നല്ല ദേഷ്യം വരും. നീ അപ്പോൾ മറുത്തൊന്നും പറയാൻ നിക്കണ്ട. ശുദ്ധവായു ശ്വസിക്കാൻ പറമ്പിലേക്ക് ഇറങ്ങിപ്പൊക്കോ ണം. ഞാൻ ശാന്തമായെന്ന് അറിഞ്ഞുകഴി ഞ്ഞിട്ട് വന്നാൽ മതി. അതുപോലെ നിനക്ക് ദേഷ്യം വന്നാൽ ഞാനും ശുദ്ധവായു ശ്വസി ക്കാൻ പൊയ്ക്കോളാം. അപ്പോ രണ്ടുപേർ ക്കും കുഴപ്പമില്ലല്ലോ. രണ്ടുപേർക്കും സമാധാ നം ഉണ്ടാവുകയും ചെയ്യും.

ജീവിതത്തെക്കുറിച്ചോ ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചോ ദമ്പതികൾ തമ്മിൽ കൃത്യമായ പ്ലാൻ ചെയ്യാത്തതും അവർ തമ്മിലുള്ള വഴക്കുകൂടലിന് കാരണമാ കാറുണ്ട്. ഇതൊഴിവാക്കാൻ വീട്ടിൽ ഒരാഴ്ച ചെയ്യേണ്ട കാര്യങ്ങൾ പരസ്പരം പങ്കിട്ടെ ടുക്കണം. പുറത്തുപോയി സാധനങ്ങൾ വാങ്ങുക, ബാങ്കിൽ പോകുക, കുട്ടികളുടെ സ്കൂളിൽ പോകുക, വീട്ടിലെ പ്രായമായവ രുടെ കാര്യം ശ്രദ്ധിക്കുക ഇങ്ങനെ പലപല കാര്യങ്ങളുമുണ്ടാവുമല്ലോ.ഇതൊക്കെ ആര് ചെയ്യണം എന്ന കാര്യത്തെക്കുറിച്ച് സംസാ

രിച്ച് തീരുമാനത്തിലെത്തി ജോലികൾ പങ്കിട്ടെടുക്കുക. ഇല്ലെങ്കിൽ ഭാര്യ വിചാരിക്കും ഭർത്താവ് ചെയ്തുവെന്ന്. ഭർത്താവ് വിചാരിക്കും ഭാര്യ ചെയ്തെന്ന്. രണ്ടുപേരും ചെയ്തില്ലെന്ന് അറിയുമ്പോൾ പഴിചാരലാകും കുറ്റപ്പെടുത്തലാകും വഴക്കാകും. ഇത്തരം സാഹചര്യങ്ങൾ ദീർഘവീക്ഷണത്തോടെ പ്ലാൻ ചെയ്താൽ പല വഴക്കുകളും ഒഴിവായിക്കിട്ടും.

ചിലപ്പോഴൊക്കെ നയവും അഭിനയവും കൂടി ചേരുമ്പോഴാണ് ദാമ്പത്യജീവിതം വിജയിക്കുന്നത്. ഉദാഹരണത്തിന് ഭർത്താവ് തന്നോട് പറയാതെ എവിടെയെങ്കിലും പോയകാര്യം ഭാര്യയുടെ മനസ്സിൽ ദഹിക്കാതെ കിടക്കുന്നുണ്ടെന്ന് വിചാരിക്കുക. ഈ വിഷയത്തെ രണ്ടുരീതിയിൽ ഭാര്യക്ക് അവതരിപ്പിക്കാം.

ഒന്നാമത്തെ രീതി ഇങ്ങനെയാണ്. ചേട്ടൻ ഇന്നലെ എന്നോട് പറയാതെ പോയത് എനിക്ക് ഒരുപാട് സങ്കടമായി. ചേട്ടന് എന്നോട് ഒന്ന് പറഞ്ഞിട്ട്പോകാമായിരുന്നു. ചേട്ടൻ വരാൻ വൈകിയപ്പോ ഞാൻ എന്തുമാത്രം വിഷമിച്ചെന്നോ.

രണ്ടാമത്തെ രീതി മറ്റൊന്നാണ്. നിങ്ങൾക്കെന്താ എന്നോട് പറഞ്ഞിട്ട് പോയാല്. ഞാനെന്താ ഇവിടുത്തെ വേലക്കാരിയാണോ? നിങ്ങൾക്കും മക്കൾക്കും വച്ചുവിളമ്പലു മാത്രമാണോ എന്റെ ജോലി?

ആദ്യത്തെ രീതിയിൽ ഭർത്താവ് വിചാരിക്കുന്നത് ഭാര്യയ്ക്ക് തന്നോട് ആഴമായ സ്നേഹമുണ്ടെന്നും താൻ പറയാതെ പോയതിൽ അവൾക്ക് ആത്മാർത്ഥമായ സങ്കടമുണ്ടെന്നുമാണ്. അവളോട് പറയാതെ പോയതിൽ അയാൾക്ക് കുറ്റബോധം തോന്നിയെന്നിരിക്കും.

രണ്ടാമത്തേതിലാകട്ടെ ഭാര്യയുടെ ധാർഷ്ട്യവും ഈഗോയുമാണ് നിഴലിക്കുന്നത്. ഇതുകേൾക്കുമ്പോൾ സാധാരണയായി ഭർത്താക്കന്മാർ പ്രതികരിക്കുന്നത് എനിക്കിപ്പം സൗകര്യമില്ല നിന്നോട് പറഞ്ഞിട്ട് പോകാൻ. നീയെന്താണെന്നുവച്ചാ ചെയ്യ് എന്നാകും. ഇതോടെ ഹൃദയങ്ങൾ തമ്മിൽ അകലും. വാക്കുകൾ ഏല്പിക്കുന്ന മുറിവുകൾ ഉണങ്ങാതെയാകും. ജീവിതപങ്കാളി തന്നോടുള്ള സ്നേഹം കൊണ്ടാണല്ലോ പരാതിയും സങ്കടവും പറയുന്നതെന്ന് കേൾക്കുന്ന ആൾക്ക് തോന്നിയാൽ അവിടെ ഇരുവരും തമ്മിലുള്ള വഴക്ക് വളർച്ചയിലേക്ക് തിരിയും. പങ്കാളിയെ മനസ്സിലാകും. കഴിയുന്നത്ര രീതിയിൽ പങ്കാളിയെ വേദനിപ്പിക്കാതിരിക്കാനും ശ്രമിക്കും.

**ജീവിതപങ്കാളി തന്നോടുള്ള സ്നേഹം കൊണ്ടാണല്ലോ പരാതിയും സങ്കടവും പറയുന്നതെന്ന് കേൾക്കുന്ന ആൾക്ക് തോന്നിയാൽ അവിടെ ഇരുവരും തമ്മിലുള്ള വഴക്ക് വളർച്ചയിലേക്ക് തിരിയും.**

ചിന്തയ്ക്ക് വിഷയമാക്കേണ്ട മറ്റൊരു കാര്യം ദമ്പതികൾക്കിടയിലുണ്ടാകുന്ന വഴക്കുകളും പ്രശ്നങ്ങളും ബന്ധുക്കളെ അറിയിക്കണമോ എന്നതാണ്. ദമ്പതികൾക്ക് പരിഹരിക്കാൻ പറ്റാത്തവിധം പ്രശ്നം രൂക്ഷമാണെങ്കിൽ അവരെ സഹായിക്കാൻ പറ്റിയ വ്യക്തികളെ സമീപിക്കുന്നതിൽ തെറ്റില്ല.പക്ഷേ രണ്ടുകൂട്ടരുടെയും ബന്ധുക്കളെ ഇക്കാര്യത്തിന് വേണ്ടി സമീപിക്കാതിരിക്കുന്നതാണ് നല്ലത്. ബന്ധുക്കളല്ലാത്ത, നിഷ്പക്ഷമായി നിന്ന് സഹായിക്കാൻ കഴിയുമെന്ന് ബോധ്യമുള്ളവരുടെ സഹായമാണ് തേടേണ്ടത്. പ്രശ്നങ്ങളെ ശാസ്ത്രീയമായും മനഃശാസ്ത്രപരമായും വിശകലനം ചെയ്യാൻ കഴിവുള്ളവരും മുൻവിധിയില്ലാതെ നിഷ്പക്ഷമായി ഇരുവരെയും ശ്രവിക്കാൻ തയ്യാറുള്ളവരെയുമാണ് പ്രശ്നപരിഹാരത്തിനായി സമീപിക്കേണ്ടത്. പ്രശ്നത്തിന്റെ രഹസ്യാത്മകത കാത്തുസൂക്ഷിക്കാൻ കഴിയുന്ന വ്യക്തികളുമായിരിക്കണം, ഇങ്ങനെ സഹായം തേടുമ്പോൾ ദമ്പതികൾ രണ്ടുപേരും കൂടിയാണ് പോവേണ്ടത്. എനിക്ക് പ്രശ്നമില്ല നീ പൊയ്ക്കോ എന്ന മട്ടു പാടില്ല. ഇത് പങ്കാളിയെ പൂർണമായും നിരാകരിക്കുന്നതിന് തുല്യമാണ്. കുടുംബത്തിന്റെ ഭദ്രതയ്ക്കും വളർച്ചയ്ക്കും അതാവശ്യമെങ്കിൽ അതിനോട് സഹകരിക്കുകയാണ് ദമ്പതികൾ ചെയ്യേണ്ടത്.



സനു തെറ്റയിൽ, മേയ്ക്കാട്



# വിദ്യാഭ്യാസം: 'നേർവഴിയുടെ ഫംഗസുകൾ'

ചില മനുഷ്യർ ഇളംകാറ്റുപോലെയാണെന്ന് പറയാറുണ്ട്, ചിലർ ഒഴുകുന്ന ജലം പോലെയും. കാറ്റ് പലപ്പോഴും കാണാമറയത്തിരിക്കുന്ന ഏതോ കാട്ടുപൂവിന്റെ സുഗന്ധം പേറി വരുന്നു. ജലം അതിന്റെ ഒഴുക്കിൽ അഴുക്ക് തൂത്തുവാരി, തെളിനീര് ശേഷിപ്പിച്ച് എങ്ങോട്ടോ മറയുന്നു. അല്ലേ, ചില മനുഷ്യരും അങ്ങനെയല്ലേ?

പ്രകൃതിയെ നോക്കി പഠിക്കണം. അടുത്തിടെ BBC News പുറത്തുവിട്ട ഒരു വാർത്ത കാണാൻ ഇടയായി. പലപ്പോഴും പറഞ്ഞു കെട്ടിട്ടുള്ളതിങ്ങനെയാണ്, കാട് എന്നത് ഒരു മിഥ്യയാണ്. അടുത്ത് ചെല്ലുമ്പോൾ കാണുന്നത് അകലങ്ങളിൽ നിൽക്കുന്ന കുറെ മരങ്ങളെയാണെന്ന്. പക്ഷെ ഇപ്പോൾ ശാസ്ത്രം പറയുന്നു, അത് ശരിയല്ല. മരങ്ങൾ അല്പം അകന്നു നിന്നാലും അവയുടെ വേരുകൾ തമ്മിൽ പരസ്പരമുള്ള ധാരണ മനുഷ്യനെ അതിശയിപ്പിക്കുന്നതാണ്. വേരുകൾ തമ്മിൽ തമ്മിൽ കെട്ടുപിണഞ്ഞുകിടക്കുന്ന കാര്യമല്ല പറഞ്ഞുവരുന്നത്. മറിച്ച്, വേരുകൾക്കുള്ളിലും പുറത്തുമുള്ള ഫംഗസുകളുടെ ശൃംഖലയെക്കുറിച്ചാണ് (ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരുതരം സൂക്ഷ്മജീവിയാണ് ഫംഗസ്). ഫംഗസിന്റെ 'നെറ്റ്‌വർക്കി'നെ 'Wood Wide Web' എന്നാണ് വിളിക്കുക. അതുവഴി ചെടികളും മരങ്ങളും പങ്കുവയ്പ്പ് നടത്തുന്നുണ്ട് എന്നാണ് ഇപ്പോൾ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നത്. അമ്മമരം അതിന്റെ തൈകളിലേയ്ക്കും പ്രായമേറി നശിക്കാറായ മരം തന്റെ അടുത്ത് നിൽക്കുന്ന മരങ്ങളിലേക്കും ഇങ്ങനെ പോഷകങ്ങൾ പകർന്നു കൊടുക്കുന്നു. അത് മാത്രമല്ല, ഒരു മരത്തിൽ എന്തെങ്കിലും കീടത്തിന്റെ ആക്രമണമുണ്ടായാൽ അത് അപ്പോൾതന്നെ അടുത്തുള്ള വൃക്ഷങ്ങളെ ഇതേ ഫംഗസുകൾ വഴി അറിയിക്കുകയും അവർ അതുവഴി പ്രതിരോധത്തിന് തയ്യാറാകുകയും ചെയ്യുന്നു!.. എന്താണല്ലേ.. മനുഷ്യരാശി ഇത്രയും വളർന്നു എന്ന് നാം അഹങ്കരിക്കുമ്പോഴും

**കാറ്റ് പലപ്പോഴും കാണാമറയത്തിരിക്കുന്ന ഏതോ കാട്ടുപൂവിന്റെ സുഗന്ധം പേറി വരുന്നു. ജലം അതിന്റെ ഒഴുക്കിൽ അഴുക്ക് തൂത്തുവാരി, തെളിനീര് ശേഷിപ്പിച്ച് എങ്ങോട്ടോ മറയുന്നു. അല്ലേ, ചില മനുഷ്യരും അങ്ങനെയല്ലേ ?**

ലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുന്നേ ചെറു ചെടികൾ വരെ ആരും അറിയാതെ ഇതൊക്കെ ചെയ്യുന്നുണ്ടായിരുന്നു പോലും! ആലങ്കാരികമായി പറഞ്ഞാൽ, ഇതൊന്നും ആരെയും ബോധിപ്പിക്കാൻ വേണ്ടിയല്ലാത്തതുകൊണ്ടുതന്നെയാകാം ആരും ഇതുവരെയും ഇതൊക്കെ അറിയാതെ പോയത്.

## ഒരു ലോട്ടറി വിറ്റ കഥ

'വാക്കല്ലേ മാറ്റാൻ പറ്റൂ സാറേ!' എന്ന് കേട്ടു തഴമ്പിച്ച ജനത്തിനിടയിൽ നിന്നും വേറിട്ടൊരു വാർത്ത കേട്ടു, കഴിഞ്ഞ ദിവസം. ലോട്ടറി ഏജന്റായ ഒരു സ്ത്രീയുടെ വാർത്ത. സമൂഹ മാധ്യമങ്ങളിൽ ഏറെ ചർച്ചയായ വിഷയം! ആലുവയിൽ ലോട്ടറി വിൽക്കുന്ന സ്മിജ കെ. മോഹൻ. തലേന്ന് ഒരാൾ പറഞ്ഞു വച്ച ടിക്കറ്റിനു ഒന്നാം സമ്മാനമായ 6 കോടി രൂപ ലഭിച്ചതറിഞ്ഞ ആ സ്ത്രീ തന്റെ ഭർത്താവുമൊത്ത് ടിക്കറ്റ് പറഞ്ഞുവച്ച പി. കെ. ചന്ദ്രനെ കണ്ട് ടിക്കറ്റ് കൈമാറി, തനിക്ക് അവകാശപ്പെട്ട 200 രൂപയുമായി മടങ്ങിയ വാർത്ത. അസുഖമുള്ള തന്റെ 2 മക്കളെക്കുറിച്ചുള്ള ആവലാതി ആ മനസ്സിൽ ദുഷ്ചിന്തകൾ പാകിയിട്ടുണ്ടാകില്ലേ? ഒരു നിമിഷം അത് സ്വന്തമാക്കാൻ ആ സ്ത്രീയുടെ മനസ്സ് അവളോട് മന്ത്രിച്ചിട്ടുണ്ടാകില്ലേ? പക്ഷെ പിറ്റേന്ന് പത്രത്തിൽ, ചിരിക്കുന്ന മുഖവുമായി നിൽക്കുന്ന ആ സ്ത്രീയുടെ ചിത്രം ഒരു നോക്കു കണ്ടാൽ അതിനുള്ള ഉത്തരം കിട്ടും. ഒരുപാട് മനുഷ്യഹൃദയങ്ങളെ ഇതിനോടകം അവൾ ആ നിഷ്കളങ്കമായ ചിരികൊണ്ട് കീഴടക്കിക്കഴിഞ്ഞു. അവളോടൊപ്പം, സമ്മാനം ലഭിച്ചയാളുടെ ചിത്രവുമുണ്ടായിരുന്നു പിറ്റേന്ന് പത്രത്തിൽ. പക്ഷെ ബഹുഭൂരിപക്ഷം മലയാളികളും അവളുടെ മുഖത്തേയ്ക്ക് മാത്രം നോക്കാനിടയായ സാഹചര്യത്തേക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്.

വിലയുള്ള ഒരു വാക്കിനു മുന്നിൽ നിഷ്പ്രഭമാകുന്ന 6 കോടി രൂപ! അപ്പോൾ ഒരു വാക്കിന്റെ വിലയെന്താണ്, 6 കോടി? അല്ല,'അതുക്കും മേലേ'. അതിന് വിലയിടാനാവില്ല.

**വിദ്യാഭ്യാസം കൊണ്ട് നമ്മൾ എന്താണോ നേടേണ്ടത് അത് നേടിയെടുക്കുമ്പോൾ മാത്രമാണ്. പരിപൂർണ മനുഷ്യനാകുക - അതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം**

## സോഷ്യൽ മീഡിയ

വാർത്തകളൊക്കെ പത്രങ്ങളിൽ വരുന്നതിനു മുന്നേ, പലതും അപ്പപ്പോൾത്തന്നെ ലൈവായി നമ്മുടെ കയ്യിൽ എത്തിക്കുന്ന 'ന്യൂ ജൻ' സംവിധാനങ്ങൾ ആർക്കാണ് ഇന്ന് പരിചയമില്ലാത്തത്? 'സോഷ്യൽ മീഡിയകൾ'എന്ന ഓമനപ്പേരിട്ട് വിളിക്കപ്പെടുന്ന whats app, Facebook, Instagram മുതലായ മാധ്യമങ്ങൾ നമുക്ക് മുന്നിൽ വച്ചുനീട്ടുന്നത് ഒരുപാട് അവസരങ്ങളും സാധ്യതകളുമാണ്. അവ സൂക്ഷിച്ച് ഉപയോഗിക്കുന്നിടത്താണ് വിജയം.

മറ്റൊരു സംഭവവും ഈ അടുത്ത ദിവസം നമ്മൾ കണ്ടതാണ്. ഓഫീസിന് മുന്നിൽ തന്റെ ഊഴം കാത്ത് നിന്ന ഒരു യുവാവ് തല കറങ്ങി മുകളിലെ നിലയിൽ നിന്ന് താഴോട്ട് വീണതായിരുന്നു. അത്ഭുതകരമാം വിധം കാൽപാദത്തിൽ പിടിച്ചു വീഴാതെ കാത്ത നീല വസ്ത്രം ധരിച്ച ഏതോ ഒരു വ്യക്തി. അത് പങ്കുവച്ചുകൊണ്ട് ഒരാൾ കുറിച്ചതിങ്ങനെയാണ്, 'ദൈവം നീല ഷർട്ടിട്ട് അടുത്ത് വന്നു നിന്നപ്പോൾ.'

രണ്ടിലും നാം കണ്ടത് മനുഷ്യത്വം നഷ്ടപ്പെടാത്ത രണ്ടുവ്യക്തികളെയാണ്. സമൂഹത്തിൽ ഇനിയും നന്മയുടെ, മൂല്യങ്ങളുടെ ഉറവകൾ വറ്റിത്തീർന്നിട്ടില്ല.

## റോൾ മോഡൽസ്

അമേരിക്കൻ പ്രസിഡന്റായിരുന്ന ബിൽ ക്ലിന്റൻ ഒരിക്കൽ ഇന്ത്യ സന്ദർശിച്ച വേളയിൽ പറഞ്ഞ ഒരു വാചകം അന്ന് വളരെ ചർച്ചയായിരുന്നു. ഇന്നും വളരെ അർത്ഥവത്തായ ഒന്നായി അത് നിലനിൽക്കുന്നു. വേറൊന്നുമല്ല, 'കുഞ്ഞുങ്ങൾക്ക് കണ്ട് പഠിക്കാൻ റോൾ



മോഡൽസ് ഇല്ല.' കാണിച്ച് കൊടുക്കാൻ മാതൃകകൾ ഇല്ലാത്ത ദുരവസ്ഥ. ഓരോ പുതുവർഷത്തിലും നന്നാവണം എന്ന ചിന്തയോടെ ഉണർന്ന് ഒന്നോ രണ്ടോ ദിവസം കഴിയുമ്പോഴേയ്ക്കും പഴയ പടിയാകുന്ന നമുക്ക് മുന്നിൽ ഇതാ ചില മാതൃകകൾ... കണ്ടു പഠിക്കാൻ, കണ്ണ് തുറക്കാൻ...

## വിദ്യാധനം സർവ്വ ധനാൽ...

സർവ്വ ധനത്തേക്കാൾ പ്രധാനമാണ് വിദ്യാഭ്യാസം എന്നല്ലേ മഹാന്മാർ പറഞ്ഞിട്ടുള്ളത്. അത് സത്യമാകുന്നത് വിദ്യ അതിന്റ ആത്മാവ് ചോർന്നുപോകാതെ നേടിയെടുക്കുമ്പോഴാണ്. അതായത്, വിദ്യാഭ്യാസം കൊണ്ട് നമ്മൾ എന്താണോ നേടേണ്ടത് അത് നേടിയെടുക്കുമ്പോൾ മാത്രമാണ്. പരിപൂർണ മനുഷ്യനാകുക – അതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്ന് ചുരുക്കം. ഭാരതത്തിന്റെ ചരിത്രം പരിശോധിച്ചാൽ അതിന് കുറെ നല്ല നിർവചനങ്ങൾ കാണാനാകും.

## ഗാന്ധിജിയുടെ കാഴ്ചപ്പാട്

മഹാത്മാഗാന്ധിയുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വളരെ വലുതാണ്. സ്വഭാവ രൂപവത്കരണവും കൈത്തൊഴിൽ പരിശീലനവുമായിരിക്കണം വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യമെന്ന് അദ്ദേഹം വിശ്വസിച്ചു. അക്ഷരജ്ഞാനമാണ് വിദ്യാഭ്യാസമെന്ന സാധാരണ നിർവചനത്തെ ഗാന്ധിജി എതിർത്തു. ശാന്തവും പ്രകൃതിക്കിണങ്ങിയതും മനസ്സാക്ഷിക്കനുസൃതവുമായ ജീവിതം നയിക്കാൻ വ്യക്തിയെ പ്രേരിപ്പിക്കുന്നതാവണം വിദ്യാഭ്യാസമെന്ന് അദ്ദേഹം ഓർമിപ്പിക്കുന്നു.

നിർഭാഗ്യവശാൽ, വർഷമിത്രകഴിഞ്ഞിട്ടും ഇന്ത്യൻ വിദ്യാഭ്യാസരംഗം ഗാന്ധിജി സ്വപ്നംകണ്ട തലത്തിലേക്കെത്തിച്ചേർന്നിട്ടില്ല. കേരളം എന്ന കൊച്ചു സംസ്ഥാനം മാത്രമല്ല നാം കാണേണ്ടത്. ഇന്നും അക്ഷരാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്ന എത്ര ഭാരതീയർക്ക് മനഃസാക്ഷിയുടെ സ്വരം ശ്രവിക്കാൻ കഴിയുന്നുണ്ട്? തൊഴിലോ ലഭിക്കുന്നില്ല, മനുഷ്യനെയും പ്രകൃതിയെയും കൂടെപ്പിറപ്പായി കാണാൻ പോലും കഴിയുന്നുണ്ടോ?

**വിദ്യാർത്ഥികൾക്ക് അവരിൽ അന്തർലീനമായ ശക്തിയെയും വിജ്ഞാനത്തെയും ആവിഷ്കരിക്കാൻ സഹായിക്കുന്ന തരത്തിലായിരിയ്ക്കണം നമ്മുടെ വിദ്യാഭ്യാസപ്രക്രിയ.**

## സ്വാമി വിവേകാനന്ദനും വിദ്യാഭ്യാസവും

സ്വാമി വിവേകാനന്ദന്റെ അഭിപ്രായത്തിൽ, വിദ്യാഭ്യാസം എന്നത് മനുഷ്യനിൽ സ്വതവേ ഉള്ള പരിപൂർണതയുടെ ആവിഷ്കാരമാണ്. ഒരു മനുഷ്യൻ യഥാർത്ഥത്തിൽ വിദ്യ അഭ്യസിക്കുന്നത് തന്നിൽതന്നെയുള്ള അറിവിന്റെ ഖനി കണ്ടെത്തുമ്പോഴാണ് എന്നതാണ് അദ്ദേഹത്തിന്റെ വാദം. വിദ്യാർത്ഥികൾക്ക് അവരിൽ അന്തർലീനമായ ശക്തിയെയും വിജ്ഞാനത്തെയും ആവിഷ്കരിക്കാൻ സഹായിക്കുന്ന തരത്തിലായിരിക്കണം നമ്മുടെ വിദ്യാഭ്യാസപ്രക്രിയ. വ്യക്തിത്വ വികസനത്തിനും മനുഷ്യ നിർമിതിക്കും ഉതകുന്ന വിദ്യാഭ്യാസത്തെയാണ് അദ്ദേഹം പിന്തുണച്ചത്.

## ഇനിയെന്ത്?

അങ്ങനെ നോക്കുമ്പോൾ ഇന്ന് നമ്മൾ പിന്തുടരുന്ന വിദ്യാഭ്യാസ-കച്ചവട സംസ്കാരം നമ്മെയൊക്കെ ഒരു പ്രത്യേക തരം മനുഷ്യരാക്കി മാറ്റും എന്നതിന് സംശയമില്ല. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ 'മനുഷ്യൻ' എന്ന ആദിമ 'നാമംമാത്രം' പേറുന്ന പുതിയൊരു ജീവിവർഗത്തിലേയ്ക്കുള്ള പ്രയാണമല്ലേ ഇന്ന് നടന്നു കൊണ്ടിരിക്കുന്നത്. ഇവിടെയാണ് മേൽപ്പറഞ്ഞ ചില ഉദാഹരണങ്ങൾക്ക് പ്രസക്തിയേറുന്നത്, ചില റോൾ മോഡൽസ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഏറുന്നത്.

ചെടികളിൽ പോലും ഒരമ്മ കുഞ്ഞിന് പോഷകങ്ങൾ പകർന്നുകൊടുക്കുന്നുണ്ടെങ്കിൽ, വാർദ്ധക്യത്തിലെത്തിയ മരം അടുത്തുള്ള മറ്റ് മരങ്ങൾക്ക് തനിയ്ക്കുള്ളതെല്ലാം വീതിച്ചു കൊടുക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് 'സർവത്തെയും അടക്കിവാഴാൻ കെൽപ്പുള്ളവൻ' എന്ന് സ്വയം അഹങ്കരിക്കുന്ന മനുഷ്യന് ഇത്രയും നിസ്സാര കാര്യങ്ങൾക്ക് കഴിയുന്നില്ല. അപ്പോൾ മനുഷ്യനേക്കാൾ ഉന്നതിയിൽ നിൽക്കുന്ന, സ്നേഹിക്കാൻ അറിയാവുന്ന ഫംഗസുകളല്ലേ ശ്രേഷ്ഠർ! കണ്ണുതുറക്കാം നമുക്കും നല്ലൊരു നാളേയ്ക്ക് വേണ്ടി.

AGRICULTURE

# പ്ലാവ് ബഡ്ഡിങ്ങിലും ശ്രദ്ധിക്കാനുണ്ട്

**വി. എ തോമസ് കട്ടക്കയം**

ചക്കയുടെ വലുപ്പത്തെക്കുറിച്ച് പലർക്കും ഒരു സംശയം തോന്നാം. എന്തുകൊണ്ടാണ് ചക്കയ്ക്ക് ഇത്രയധികം വലുപ്പം? സാധാരണഗതിയിൽ ഉയരത്തിൽ ഫലം കായ്ക്കുന്ന മറ്റൊരു പഴത്തിനും ഇത്രയും വലുപ്പം കാണാറില്ല. പക്ഷേ ചക്കയ്ക്ക് വലുപ്പമുണ്ട്. അതിന് കാരണം ഇതാണ്. പ്ലാവിന്റെ വേരുകൾ മണ്ണിന്റെ ഉപരിതലത്തിൽ നിന്നും ആഴത്തിൽ നിന്നും ദൂരത്തുനിന്നും എത്തിച്ചേർന്ന് വളം സ്വീകരിക്കുന്നതുകൊണ്ടാണ് ചക്കയ്ക്ക് ഇത്രയും വലിപ്പമുണ്ടായത്. അതുപോലെ തന്നെ രുചിയേറിയതും പോഷകസമൃദ്ധവും ആയതിന് പിന്നിലും ഇതേ കാരണം തന്നെയാണ്. എത്രയധികം ദൂരത്തിലേക്ക് ചെന്നു വേരുകൾ വെള്ളവും വളവും വലിച്ചെടുക്കുന്നുവോ അതനുസരിച്ച് ചക്കയ്ക്ക് രുചിയും ഏറും. ചക്കച്ചുളയുടെ നിറവും രുചിയും ഘനവും നൂറും വർദ്ധിക്കുകയും ചെയ്യുന്നു. സാധാരണയായി പ്രായമേറും തോറും വൃക്ഷങ്ങൾക്ക് ഫലം തരാനുള്ള കഴിവു കുറഞ്ഞുവരും. തുടക്കത്തിൽ കായ്ച്ചുതുടങ്ങിയതിനെക്കാൾ വർഷം കഴിയും തോറും പ്ലാവ് കൂടുതൽ ചക്ക തന്നുകൊണ്ടിരിക്കും.

വലുപ്പം കൂടിയതും ചെറുതുമായ ചക്കക്കുരുക്കളുക്കമുണ്ട്. ചക്കക്കുരു കണ്ടാൽ അത് കൂഴച്ചക്കയുടേതാണോ വരിക്കച്ചക്കയു







ടേതാണോ എന്ന് എങ്ങനെ തിരിച്ചറിയാൻ കഴിയും എന്ന് പലരും ചോദിക്കാറുണ്ട്. ചക്കക്കുരുവിന്റെ വശങ്ങളിൽ ചെറുതായി ഒരുപുളപ്പുപോലെ കാണുന്നത് കൂഴച്ചക്കയുടെ കുരുവാണെന്നാണ് കരുതപ്പെടുന്നത്. ചക്കക്കുരുവിന്റെ രണ്ടു പുളപ്പും തുല്യമായ അളവിൽ മുകൾമുതൽ താഴെ വരെ ഒരുപോലെ കാണപ്പെടുന്നുണ്ടെങ്കിൽ അത് വരിക്കച്ചക്കക്കുരുവായിരിക്കും. പ്രകൃതി തന്നെയാണ് ഇക്കാര്യത്തിൽ സവിശേഷമായ രീതിയിൽ അടയാളം പതിപ്പിച്ചിരിക്കുന്നത് എന്നറിയുമ്പോൾ സകലസൃഷ്ടികളുടെയും പിന്നിൽ കുടികൊള്ളുന്ന ആ പരമചൈതന്യത്തെ നാം അത്ഭുതത്തോടെ ഓർത്തുപോകും. ചക്കക്കുരുവിന്റെ മേല്പ്പറഞ്ഞ പ്രത്യേകതകൾ നോക്കി ആവശ്യാനുസരണം വരിക്കപ്ലാവോ കൂഴപ്ലാവോ പറമ്പുകളിൽ നട്ടുപിടിപ്പിക്കാവുന്നതാണ്.

എന്നാൽ ഇങ്ങനെ കുരു നട്ടുപിടിപ്പിക്കുന്ന പ്ലാവുകൾക്ക് മാതൃവൃക്ഷത്തിന്റെ ഗുണം പൂർണ്ണമായും ലഭിച്ചിരിക്കണം എന്നില്ല. ഇവിടെയാണ് ബഡ്ഡിങ്ങിന്റെ പ്രസക്തി. മാതൃവൃക്ഷത്തിൽ നിന്ന് കമ്പുകൾ ശേഖരിച്ച് അതിൽ നിന്ന് മുകുളങ്ങൾ എടുത്ത് ബഡ്ഡ് ചെയ്ത് പുതിയ തൈകൾ ഉല്പാദിപ്പിക്കുന്ന രീതിയാണ് ശരിയായ ബഡ്ഡിങ്ങ് എന്നു പറയാം. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന തൈകൾക്ക് മാതൃവൃക്ഷത്തിന്റെ എല്ലാ ഗുണങ്ങളും ലഭിക്കുന്നു.

ഉദാഹരണത്തിന് ഒക്ടോബറിൽ വിളവാകുന്ന ചക്ക ലഭിക്കുന്ന പ്ലാവിന്റെ കമ്പ് എടുത്ത് ആവശ്യത്തിന് വളവും വെള്ളവും നല്കിയാൽ ഒക്ടോബറിൽ തന്നെ വിളവ് ലഭിക്കും. ഡിസംബറിൽ വിളവാകുന്ന പ്ലാവിന്റെ കമ്പിൽ നിന്ന് മുകുളം എടുത്ത് ബഡ്ഡ് ചെയ്ത പ്ലാവിൽ നിന്ന് ഡിസംബറിൽ തന്നെ വിളവാകുന്ന വിധത്തിൽ ചക്ക ലഭിക്കും. മാതൃവൃക്ഷം ഏതു സമയത്ത് കായ്ഫലം നല്കുന്നുവോ അതേ സമയത്തു തന്നെ കായ്ഫലം ഈ ബഡ്ഡ് തൈകളും നല്കും. എന്നാൽ മണ്ണിൽ ആവശ്യത്തിന് ഈർപ്പമില്ലാതിരുന്നാൽ പ്ലാവിന് മണ്ണിൽ നിന്ന് പോഷകങ്ങൾ വലിച്ചെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ഫലം നല്കുന്നതിന് കാലതാമസവും നേരിട്ടേക്കാം.

**ചക്കക്കുരു വലുപ്പം കൂടിയതാണെങ്കിൽ മുളച്ചുവരുന്ന പ്ലാവിൻതൈയ്ക്ക് വണ്ണക്കൂടുതലുണ്ടാകും. ഇത്തരം തൈകൾ വേഗത്തിൽ ബഡ് ചെയ്യാനുള്ള വളർച്ചയെത്തുന്നു.**

എല്ലാ കൃഷികൾക്കും വെള്ളം ആവശ്യമായതുപോലെ പ്ലാവ് നടുമ്പോഴും വെള്ളം കൊടുക്കാൻ ശ്രദ്ധിക്കണം. എന്നാൽ ചുവട്ടിൽ വെള്ളം കെട്ടിക്കിടക്കാൻ പാടുള്ളതല്ല. വെള്ളം കെട്ടിനിന്നാൽ തൈകളുടെ വേരുകൾ അഴുകിപ്പോകാൻ സാധ്യതയുണ്ട്.

ചക്കക്കുരു വലുപ്പം കൂടിയതാണെങ്കിൽ മുളച്ചുവരുന്ന പ്ലാവിൻതൈയ്ക്ക് വണ്ണക്കൂടുതലുണ്ടാകും. ഇത്തരം തൈകൾ വേഗത്തിൽ ബഡ്ഡ് ചെയ്യാനുള്ള വളർച്ചയെത്തുന്നു. നന്നായി നനയും ശുശ്രൂഷകളും നല്കിവളർത്തിയാൽ നല്ലകരുത്തായി വളരുകയും ചെയ്യും. ചക്കക്കുരു നട്ട് രണ്ടു മാസത്തിനുള്ളിൽ ബഡ്ഡ് ചെയ്താൽ ബഡ്ഡിങ്ങ് കൂടുതൽ വിജയപ്രദമായിരിക്കും. തൈയും കമ്പുമായി വണ്ണം കൊണ്ടും യോജിച്ചവയാണെങ്കിൽ ബഡ്ഡിങ്ങ് കൂടുതൽ വിജയിക്കും. കൂഴച്ചക്കയുടെയും വരിക്കച്ചക്കയുടെയും കുരുക്കളുടെ പ്രത്യേകതയെക്കുറിച്ച് പറഞ്ഞുവല്ലോ. എന്നാൽ കൂഴച്ചക്കയിൽ നിന്ന് വരിക്കപ്ലാവുകളും ഉല്പാദിപ്പിക്കാൻ കഴിയും.

'ആദി പാതി അന്ത്യം' എന്നൊരു പഴമൊഴിയുണ്ട്. പ്ലാവ് കന്നികായ്ക്കുന്ന ആദ്യവർഷത്തെ ചക്കയിൽ നിന്ന് വിത്തെടുത്ത് നടണമെന്നാണ് ഇതിലെ ആദി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശിഖരത്തിൽ കായ്ച്ചുനില്ക്കുന്ന ചക്കയുടെ കുരു എടുത്തു നട്ടാൽ കൂടുതൽ കായ്കൾ ലഭിക്കുമെന്നാണ് വിശ്വാസം. അതിനാൽ ധാരാളം ചക്കകൾ ലഭിക്കുന്നതിന് ശിഖരത്തിൽ നിന്നുള്ള, നല്ല മൂപ്പെത്തിയ ചക്ക തിരഞ്ഞെടുത്ത് അത് മുറിച്ച് അതിന്റെ മധ്യഭാഗത്തു നിന്ന് കുരുവെടുത്ത് നടാൻ ഉപയോഗിക്കുക.

നല്ല നീളമുള്ള ചക്ക ലഭിക്കുന്നതിന് ചക്കയുടെ ഏറ്റവും താഴെയുള്ള നാലു കുരുവാണ് തിരഞ്ഞെടുക്കേണ്ടത്. ഇവ ഒരു പ്രത്യേക ആകൃതിയിലുള്ള കുരുവായിരിക്കും. നമുക്ക് ലഭിക്കുന്ന പ്ലാവിന്റെ ചക്കയുടെ ആകൃതിയിൽ ലഭിക്കുന്നതിന് മധ്യഭാഗത്തെ കുരുവാണ് നടുവാനായി തിരഞ്ഞെടുക്കേണ്ടത്.

ജിബു കൊച്ചുച്ചിറ

# രണ്ടുതുരുത്തിലുള്ള മനുഷ്യർ



നമ്മുടെ ജീവിതങ്ങളെ വെല്ലുവിളിക്കുന്ന, ജീവിക്കുക എന്നതിൽ കവിഞ്ഞ് യാതൊരു ലക്ഷ്യവും ജീവിതത്തിനില്ലെന്നുറക്കെ പറഞ്ഞ് വായനക്കാരന്റെ ഉള്ളിൽ വാസമുറപ്പിക്കുകയും ചെയ്യുന്ന നോവലാണ് നിക്കോസ് കസൻദ്സാകീസിന്റെ 1946ൽ പ്രസിദ്ധീകൃതമായ Zorba the Greek. സോർബ, എത്ര കാലം കടന്നു പോയാലും മനുഷ്യനെക്കുറിച്ചു ഇത്രയും  മനോഹരമായി പറഞ്ഞിരിക്കുന്ന ദാർശനിക വരികൾ ഉണ്ടാകുമോ എന്ന് സംശയമാണ്. അത്രമേൽ നമ്മുടെ നെഞ്ചിലുടക്കുന്ന നോവൽ.

ജീവിതത്തിന്റെ രണ്ടു തുരുത്തിൽ നിൽക്കുന്ന മനുഷ്യരുടെ കഥയാണ് കസൻദ്സാകീസ് പറഞ്ഞു വെക്കുന്നത്. ഒരാൾ എഴുത്തുകാരനാണ്. അതികം ഒന്നും സംസാരിക്കാത്ത നിർമ്മമനും മടിയനുമൊക്കെയാണയാൾ. സങ്കടം കരഞ്ഞ് തീർക്കാനും ഉത്തരങ്ങൾ ദാർശനിക പുസ്തകങ്ങളിൽ തിരയാനും മാത്രമറിയാവുന്ന അയാൾ തന്നെയാണ് ഈ നോവലിന്റെ ആഖ്യാതാവും. എന്നാൽ സോർബ ഇയാളിൽ നിന്നും തികച്ചും വ്യത്യസ്തനാണ്. മതത്തിന്റെയോ രാജ്യത്തിന്റെയോ തത്വശാസ്ത്രങ്ങളുടെയോ സദാചാര നിയമങ്ങളുടെയോ എന്തിന് ദൈവത്തിന്റെയോ പോലും ഭാരമില്ലാതെ ജീവിതത്തിൽ പൂർണ്ണമായി മുഴുകി ജീവിക്കുകയാണയാൾ. കാക്കത്തൊള്ളായിരം പരിമിതികളിൽ പരിഭവം പറഞ്ഞിരിക്കാൻ കഴിയുന്നവനല്ല സോർബ. ജീവിതത്തിന്റെ അർത്ഥം തേടേണ്ടതില്ലെന്നും ജീവിതം തന്നെയാണ് അർത്ഥമെന്നും തിരിച്ചറിഞ്ഞവനാണ് സോർബ. സ്ത്രീകളെ വളരെയധികം ബഹു

മാനിച്ചിരുന്ന സോർബയെ പ്രണയവും സ്ത്രീകളും ഒരിക്കലും മടുപ്പിച്ചില്ല. വാക്കുകളിലും പ്രവൃത്തികളിലും ഒരുപാട് അർത്ഥങ്ങൾ ഒളിപ്പിച്ച വ്യക്തി ജീവിതത്തെ വേറിട്ട രീതിയിൽ കാണുന്നു. ഇങ്ങനെ ഒരു അത്യപൂർവ കഥാപാത്രം. സഭ്യമെന്നും സംസ്കാരമെന്നും സമൂഹം അടക്കിപ്പിടിച്ച ലൈംഗികതയെ സോർബ നിഷേധിക്കുന്നുണ്ട്. സമൂഹത്തിലെ ധർമ്മികതയുടെ പൊള്ളത്തരം വിളിച്ചു പറയുന്നുണ്ട് സോർബ. ജീവിതത്തെ കുറച്ചു കൂടി അനായാസമായി അനുഭവിക്കാൻ സഹായിക്കുന്ന അറിവുകൾ ഊറി കൂടുകയാണ് സോർബയിൽ. നോവുകളിൽ തൂങ്ങിക്കിടന്ന് പരിതപിക്കേണ്ടതല്ല ജീവിതം എന്ന് പലയാവർത്തി അയാൾ പറഞ്ഞു വെക്കുന്നു.

ക്രീറ്റ് എന്ന സ്ഥലത്തേക്കുള്ള യാത്രയ്ക്കിടയിൽ ആഖ്യാതാവ് ദൈവത്തെയും ചെകുത്താനെയും വിശ്വാസമില്ലാത്ത മനുഷ്യരിൽ മാത്രം വിശ്വാസമുള്ള സോർബയെ കണ്ടുമുട്ടുന്ന ഇടത്തിലാണ് നോവലാരംഭിക്കുന്നത്. ജീവിതാനന്ദത്തിലേക്കുള്ള വഴി എത്രമേൽ സരളമാണെന്നു കസൻദ്സാകീസ് പറഞ്ഞു വയ്ക്കുന്നുത്. ഒരു പൗർണമി രാവിൽ തന്റെ പ്രിയപ്പെട്ട യജമാനനെ ചേർത്തുനിർത്തി സോർബ പറയുന്നു. 'അങ്ങേയ്ക്കെല്ലാമുണ്ട്. എന്നിട്ടും അങ്ങേയ്ക്ക് ജീവിതം നഷ്ടമാകുന്നു. ഒരൽപ്പം ഭ്രാന്ത് നിങ്ങൾക്കുണ്ടായിരുന്നെങ്കിൽ ജീവിതം എന്തെന്ന് നിങ്ങൾ അറിയുമായിരുന്നു. വരൂ, എന്റെ കൂടെ വരൂ.'

ലോകത്തെ ഗൗനിക്കാതെ ഞാൻ തന്നെയാണ് ലോകം എന്ന മനസ്സിലാക്കലിൽ സന്തോഷം തനിയെ വന്നു ചേരുമെന്ന് സോർബയിലൂടെ നമ്മൾ കണ്ടറിയുകയാണ്. കരച്ചിലിൽ പോലും നൃത്തമാടാനാകും, അനീതിയെന്നു തോന്നുന്നവയ്ക്കു നേരെ മുന്നും പിന്നും നോക്കാതെ ചാടിയിറങ്ങാനും അയാൾക്ക് തോന്നുന്നത് ഈ ബോധം ഉള്ളിലുള്ളതുകൊണ്ടാണ്. മതം, രാജ്യം, ദൈവം ഇതിന്റെയൊക്കെ പേരിൽ അയാൾ യുദ്ധം ചെയ്തിട്ടുണ്ട്. അതിന്റെ മുറിവുകൾ അയാളുടെ ശരീരത്തിൽ ഇപ്പോഴും ശേഷിപ്പുകളായി നിൽക്കുന്നുമുണ്ട്. ചെയ്ത യുദ്ധങ്ങൾ എല്ലാം എത്ര അസംബന്ധങ്ങളായിരുന്നു എന്ന് തിരിച്ചറിഞ്ഞപ്പോൾ ആ ഇടങ്ങൾ എല്ലാം അയാൾ ഉപേക്ഷിച്ചു.

നോവലിന്റെ ഒരു ഭാഗത്ത് ആഖ്യാതാവ് (അയാളുടെ യജമാനൻ) ഇങ്ങനെ പറഞ്ഞു വെക്കുന്നുണ്ട്. 'എനിക്കയളോട് വീണ്ടും അസൂയ തോന്നി. രക്തം കൊണ്ടും മാംസം കൊണ്ടും ജീവിക്കുന്ന ഒരു മനുഷ്യൻ! പടവെട്ടി, കൊന്ന്, ഭോഗിച്ച്, മദിച്ച് ജീവിക്കുന്നവൻ. ഞാനോ എല്ലാം പുസ്തകത്താളുകളിലൂടെ മാത്രം അറിയുന്നവൻ. കസേരയിൽ ചാരിയിരുന്ന് ഞാൻ പരിഹാരം കാണാൻ ശ്രമിക്കുന്ന സമസ്യകൾ ഈ മനുഷ്യൻ മലനിരകളിൽ പൊരുതി കൊണ്ട് ഉത്തരം കണ്ടെത്തുന്നു'.

എല്ലാവരും സുരക്ഷിത മൗനങ്ങളിലൊളിക്കുമ്പോൾ ഒരു വിധവയായ പെൺകുട്ടിക്കു വേണ്ടി സോർബ ശബ്ദമുയർത്തുമ്പോൾ അയാളിൽ ഒരു ക്രിസ്തു തെളിഞ്ഞു വരുന്നു. അയാൾ പ്രണയിക്കുമ്പോൾ കാമുകൻ മാത്രമാകുന്നു. ജോലി ചെയ്യുമ്പോൾ അതിൽ മാത്രം ശ്രദ്ധ വെക്കുന്നു. സാന്തൂരി വായിക്കുമ്പോൾ അതിൽ മുഴുകുന്നു. നൃത്തം ചെയ്യുമ്പോൾ പൂർണ്ണതയുള്ള ഒരു നർത്തകനാവുകയാണ്. ഇങ്ങനെ ജീവിതത്തിന്റെ ഓരോ ഇടങ്ങളെയും അയാൾ ധ്യാനമാക്കുന്നു. പണം കൊടുത്ത് ഒരാഴ്ച്ച തുള്ളിച്ചാടിയാലോ ഒരിടത്ത് പ്രാണനെ പീഡിപ്പിച്ചാലോ ധ്യാനമാവില്ല. അത്തരം ഉദ്യമങ്ങൾ പരിമുറുക്കങ്ങൾ കുറച്ചേക്കാം.

സോർബയാവുകയെന്നതാണ് ഏറ്റവും വലിയ ധ്യാനം, ആത്മീയത. ജീവിതത്തെ ആഴത്തിൽ തൊടുന്നതാണല്ലോ ആത്മീയത. അപ്പോൾ സോർബയും ആത്മീയനാണ്. ഷാർദ്ദാൻ അടയാളപ്പെടുത്തുന്നതുപോലെ ആത്മീയത ഉണർവുള്ളവർക്കുള്ളതാണ്. എന്ത് ചെയ്യണമെന്ന് മറ്റാരെങ്കിലും പറഞ്ഞുതരേണ്ടതായിട്ടുള്ളവർക്കും അന്യരാൽ നയിക്കപ്പെടാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടതാണു മതം (ഹെസ്സയുടെ സിദ്ധാർത്ഥയിലും ഇതിനെക്കുറിച്ച് പറയുന്നുണ്ട്). എപ്പോഴും ഉൾവിളികൾ ശ്രദ്ധിക്കുന്ന സോർബയെ പോലെയുള്ളവർക്കുള്ളതാണ് ആത്മീയത.

എന്നെങ്കിലും ഒരിക്കൽ അവനവന്റെ ലോകത്തേയ്ക്ക് യാത്ര നടത്തേണ്ടവരാണ് നമ്മളെല്ലാവരും. സോർബയുടെ ജീവിതത്തോട് ഉന്മാദം കലർന്ന ഇഷ്ടമുണ്ടായിട്ടും നമുക്ക് പലപ്പോഴും അതിൽ നിന്നും മാറി നിൽക്കേണ്ടതായി വരുന്നു. ഇതിലെ ആഖ്യാതാവിനെ പോലെ. എവിടുന്നോ ലഭിച്ച മരതകം കാണാൻ സോർബ അങ്ങ് ദൂരെ നിന്ന് വിളിച്ചപ്പോഴും ആ കാഴ്ചയുടെ നിസ്സാരവത്കരണം മാത്രമാണ് അയാളോർത്തത്. സോർബ വായിച്ചു തീരുമ്പോൾ നമുക്ക് വല്ലാത്ത നഷ്ടബോധം ഉണ്ടാകും എന്നത് തീർച്ചയാണ്.




**ലോകത്തെ ഗൗനിക്കാതെ ഞാൻ തന്നെയാണ് ലോകം എന്ന മനസ്സിലാക്കലിൽ സന്തോഷം തനിയെ വന്നു ചേരുമെന്ന് സോർബയിലൂടെ നമ്മൾ കണ്ടറിയുകയാണ്.**




# വേട്ടയാടപ്പെടുന്ന ഇരകൾ

**തങ്ങളറിയാതെ അകപ്പെട്ടുപോകുന്ന ഒരു കുറ്റകൃത്യത്തിൽ നിന്ന് രക്ഷപ്പെടാൻ മൂന്നു പോലീസുകാർ നടത്തുന്ന ശ്രമങ്ങളാണ് നായാട്ട് എന്ന സിനിമ**

ഇരകൾ വേട്ടയാടപ്പെടാനുള്ളവരാണ്. വേട്ടക്കാരൻ ശക്തനും ഇര ദുർബലനുമാകുന്നു.വേട്ടക്കാരൻ എത്രത്തോളം ശക്തനാണോ അത്രത്തോളം ഇരയുടെ ചെറുത്തുനില്പ് ദുർബലമാകുന്നു. ആത്യന്തികമായി പറഞ്ഞാൽ ഇരയും വേട്ടക്കാരനും തമ്മിലുള്ള ഓട്ടമത്സരമാണ് ജീവിതം. ഈ മത്സരത്തിൽ തോറ്റുപോകുന്നത് ഇരയാണ്. കാരണം ഇരയെ വേട്ടയാടാൻ വേട്ടക്കാരന്റെ കൈയിൽ പലവിധ ആയുധങ്ങളുണ്ട്.സാഹചര്യവും വ്യക്തിയും അനുസരിച്ച് അത് മാറിക്കൊണ്ടിരിക്കുന്നു. നിയമം, അധികാരം, ഭരണവ്യവസ്ഥ എന്നിവയെല്ലാം മനുഷ്യരെ വേട്ടയാടിക്കൊണ്ടിരിക്കുന്ന വേട്ടക്കാരാണ്.

ഇത്തരം വേട്ടയാടലിന്റെയും അതിജീവിക്കാനുള്ള ശ്രമത്തിന്റെയും കഥയാണ് നായാട്ട് എന്ന സിനിമ. വെറുമൊരു സിനിമ മാത്രമായി നായാട്ടിനെ പരിമിതപ്പെടുത്തരുത്. അതിനപ്പുറം ഈ ചിത്രം പറഞ്ഞുവയ്ക്കുന്ന ഒരു രാഷ്ട്രീയമുണ്ട്, വ്യക്തമായ സാമൂഹ്യബോധമുണ്ട്. സാംസ്കാരികപശ്ചാത്തലമുണ്ട്. വോട്ടുകൾക്കും അധികാരത്തിനുമായി ഭരണകൂടം നടത്തുന്ന മനുഷ്യാവകാശധ്വംസനവും നീതിനിരാസവുമുണ്ട്. അതാവട്ടെ ഏതൊരാളുടെയും ചങ്കുപിടിച്ചുലയ്ക്കുന്നതാണ്.

തങ്ങളറിയാതെ അകപ്പെട്ടുപോകുന്ന ഒരു കുറ്റകൃത്യത്തിൽ നിന്ന് രക്ഷപ്പെടാൻ മൂന്നു പോലീസുകാർ നടത്തുന്ന ശ്രമങ്ങളാണ് നായാട്ട് എന്ന് ഈ സിനിമയുടെ കഥയെ ചുരുക്കിപ്പറയാം. വെറുമൊരു എന്റർടെയ്നറോ നായകൻ വീരസ്യം പ്രകടമാക്കുന്ന ത്രില്ലറോ ഒന്നുമല്ല നായാട്ട്. മറിച്ച് ഇരകൾക്കൊപ്പം ചേർന്നുനടക്കാൻ, ഇരകളുടെ മനസ്സ് കാണാൻ തയ്യാറായ മനുഷ്യസ്നേഹികളായ ഒരു തിരക്കഥാകൃത്തും സംവിധായകനും ചേർന്നു നടത്തിയ യാത്രയുടെ ദൃശ്യാവിഷ്ക്കാരമാണ് ഇത്. അവർ കണ്ടെത്തിയ കഥാപാത്രങ്ങൾക്ക് ജീവൻ നല്കാൻ പ്രതിഭയുള്ള അഭിനേതാക്കൾ കൂടിച്ചേരുക കൂടി ചെയ്തപ്പോൾ നായാട്ട് മലയാള സിനിമയുടെ തന്നെ ചരിത്രത്തിലെ സവിശേഷതയുള്ള ഒരു സിനിമയുടെ മുദ്രയായി മാറുന്നു.

അതിജീവിക്കാനുള്ള ശ്രമങ്ങൾ എല്ലാ മനുഷ്യരിലുമുണ്ട്. പക്ഷേ എല്ലാ അതിജീവനവും വിജയിക്കണമെന്നില്ല. പ്രേക്ഷകർ വിചാരിക്കുന്നതും ആഗ്രഹിക്കുന്നതും ഒരു



അസാമാന്യമായ വിജയമാണ്. എല്ലാ സിനിമകളുടെയും ക്ലൈമാക്സ് അതാണല്ലോ. അവിടെയാണല്ലോ തീയറ്ററിൽ കൈയടികൾ ഉയരുന്നത്. പക്ഷേ നായാട്ടിൽ അതു സംഭവിക്കുന്നില്ല.

സ്വന്തം സത്യം ഒരു മൊബൈൽ ഫോണിൽ റിക്കോർഡ് ചെയ്തുവച്ചിട്ട് മണിയൻ എന്ന പോലീസുകാരൻ ഉടുമുണ്ടിൽ ജീവൻ അവസാനിപ്പിക്കുന്നു. തങ്ങൾക്കുവേണ്ടി കൂടി അവസാനം വരെ ഓടി, ഒടുവിൽ പിൻവാങ്ങിയ സഹപ്രവർത്തകന് വേണ്ടി, അയാളുടെ മകൾക്ക് വേണ്ടി നീതിയുടെ ഭാഗം ചേർന്നു നടക്കാൻ തയ്യാറാകുന്ന അവശേഷിക്കുന്ന രണ്ടു പോലീസുകാർക്ക് പോലും തങ്ങളുടെ സത്യം വെളിപ്പെടുത്താൻ അവകാശമില്ലാതായി പോകുന്നു. കാരണം അത്രത്തോളം ഭരണകൂടവും നീതിവ്യവസ്ഥയും ചേർന്ന് അവരെ ഞെരുക്കിക്കളയുന്നു. ആത്മനിന്ദയോടെ, അടക്കിനിർത്തിയ ആയിരമായിരം സങ്കടങ്ങളോടെ പോലീസ് വാഹനത്തിൽ കോടതിയിലേക്ക് യാത്രയാകുമ്പോൾ ഇതാണ് ഈ രാജ്യത്തിലെ ഭൂരിപക്ഷത്തിനും നിഷേധിക്കപ്പെടുന്ന നീതി എന്ന് പ്രേക്ഷകന്റെ മനസ്സ് പറയുന്നു. പ്രവീണും സുനിതയും എന്ന പോലീസുകാർ പ്രേക്ഷകർ ഓരോരുത്തരുമായി മാറുന്നു.

പോലീസുകാർ എന്തുകൊണ്ടാണ് ചില കേസുകളിൽ പ്രതികളായി മാറുന്നത് എന്ന വീണ്ടുവിചാരം ഉയർത്തുന്നുണ്ട് ഈ സിനിമ. പോലീസുകാർ പ്രതികളായി മാറപ്പെടുന്ന കേസുകളെക്കുറിച്ച് കേൾക്കുമ്പോൾ സാധാരണമനുഷ്യർ വിചാരിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നത് പോലീസല്ലേ അവർ ഇതിന്റെ അപ്പുറവും ചെയ്യും എന്നാണ്. അവർക്ക് കണക്കിന് കിട്ടിയെന്ന് സന്തോഷിക്കുകയും ചെയ്യും. പക്ഷേ അത്തരം സംഭവങ്ങളെയെല്ലാം ഇത്തിരികൂടി അകന്നു നിന്ന് വിലയിരുത്താനും മനുഷ്യത്വത്തോടെ സമീപിക്കാനും പ്രേരണ നല്കുന്നുണ്ട് എന്നതാണ് ഈ സിനിമ നല്കുന്ന മറ്റൊരു വശം.

**ഒരിക്കലെങ്കിലും സത്യം വെളിപ്പെടാതെപോയവർക്ക്, ഇരകളായവർക്ക്, നീതി നിഷേധിക്കപ്പെട്ടവർക്ക് ഈ ചിത്രം അവിസ്മരണീയമായ അനുഭവമായിരിക്കും.**

സാഹചര്യം കൊണ്ടോ ജന്മം കൊണ്ടോ കുറ്റവാളികളായ ഒരുപറ്റം മനുഷ്യരുടെ ഇടയിൽ, നെഗറ്റീവ് തരംഗങ്ങൾക്കിടയിലാണ് പോലീസുകാരുടെ സഹവാസം. അതവരുടെ സ്വഭാവത്തിലും ക്രമേണ മാറ്റംവരുത്തിയേക്കാം. അതുകൊണ്ട് തന്നെ അവർ ചിലപ്പോൾ പൊട്ടിത്തെറിച്ചുപോയേക്കാം. വ്യക്തിപരമായ ചില സംഘർഷങ്ങൾ അവരെ താൻ ഇടപെടുന്നവരുമായുള്ള പൊട്ടിത്തെറിയിലേക്ക് നയിക്കുകയും ചെയ്തേക്കാം.

വൃക്കരോഗം സംശയിക്കുന്ന അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകാൻ മേലുദ്യോഗസ്ഥനോട് അവധി ചോദിക്കാനെത്തിയപ്പോൾ കിട്ടിയ ചീത്തവിളിയുടെ പ്രതിഫലനമാണ് പുറത്തു കേസുമായി ബന്ധപ്പെട്ട് ഒരാളോട് ദേഷ്യപ്പെടാനും അയാളുടെ മൊബൈൽ അബദ്ധത്തിൽ തട്ടിവീഴാനും പ്രവീൺ മൈക്കിൾ എന്ന പോലീസുകാരന് കാരണമായത്. ഫോണിൽ മകളെ വിളിച്ചിട്ട് കിട്ടാതെ പോയതിന്റെ ടെൻഷനും ഇന്നത്തെ കാലത്ത് ഒരു പെൺകുട്ടിക്ക് എന്തും സംഭവിക്കാം എന്ന സ്നേഹനിധിയായ ഒരു അച്ഛന്റെ ആകുലതയും ചേർന്ന അവസ്ഥയും തന്റെ സഹപ്രവർത്തകയ്ക്ക് അർഹിക്കുന്ന നീതി കിട്ടണമെന്ന ആഗ്രഹവുമാണ് മണിയൻ എന്ന പോലീസുകാരനെ അറിയാതെയാണെങ്കിലും ആ കേസിലേക്ക് വലിച്ചിട്ടത്. ഈ സംഭവങ്ങളുടെ ബാക്കിയെന്നോണം സംഭവിക്കുന്ന അപകടങ്ങളാണ് മൂന്നുപേരുടെയും ജീവിതത്തെ പിന്നീട് വേട്ടയാടുന്നത്.

ഓരോരോ സാഹചര്യങ്ങളിൽ ഓരോ മനുഷ്യരും അറിഞ്ഞോ അറിയാതെയോ ചില ദുരന്തങ്ങളിലേക്ക് വന്നുവീണുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ നിസ്സഹായതയെ ഇത്രത്തോളം ഹൃദയസ്പർശിയായി അടയാളപ്പെടുത്തിയ മറ്റൊരു ചിത്രവും അടുത്തകാലത്തുണ്ടായിട്ടില്ല. ഒരിക്കലെങ്കിലും സത്യം വെളിപ്പെടാതെപോയവർക്ക്, ഇരകളായവർക്ക്, നീതി നിഷേധിക്കപ്പെട്ടവർക്ക് ഈ ചിത്രം അവിസ്മരണീയമായ അനുഭവമായിരിക്കും. മണിയൻ എന്ന പോലീസുകാരൻ നമ്മുടെ നീതിവ്യവസ്ഥയുടെയും അധികാരവർഗ്ഗത്തിന്റെയും മുമ്പിലെ ഒരു ചോദ്യചിഹ്നമായി എന്നും തൂങ്ങിയാടുക തന്നെ ചെയ്യും. മാർട്ടിൻ പ്രക്കാട്ടിനും ഷാഹി കബീറിനും ജോജുവിനും കുഞ്ചാക്കോ ബോബനും നിമിഷയ്ക്കും അഭിനന്ദനങ്ങൾ.

# അവസരം

അവസരം ഒരു നറുക്കെടുപ്പാണ്. നൂറായിരം കുറികളിൽ നിന്ന് നിങ്ങളുടെ പേരെഴുതിയ തുണ്ടുകടലാസ് തിരഞ്ഞെടുക്കപ്പെടുന്നു. ഇന്നലെവരെ ആരാലും പ്രത്യേകമായി ശ്രദ്ധിക്കപ്പെടാതിരുന്ന നിങ്ങൾ അതോടെ ശ്രദ്ധിക്കപ്പെടുന്നു. ഫ്ളാഷ് ക്യാമറകളുടെ മുന്നിൽ ഒരു സെലിബ്രിറ്റി ആഘോഷിക്കപ്പെടുന്നതുപോലെ നിങ്ങൾ സവിശേഷശ്രദ്ധാർഹനാകുന്നു. അവസരം ലഭിച്ചത് നിങ്ങൾ അതിന് യോഗ്യനായതുകൊണ്ടു മാത്രമായിരിക്കണമെന്നില്ല. മറിച്ച് അവസരം കിട്ടുക എന്നത് നിങ്ങളുടെ വിധിയായിരുന്നു.

അവസരം കിട്ടുക എന്നതാണ് പ്രധാനം. അവസരം കിട്ടിക്കഴിയുമ്പോൾ അത് എങ്ങനെ വിനിയോഗിക്കുന്നു എന്നത് നിങ്ങളുടെ കഴിവും അതിനുവേണ്ടിയുള്ള അദ്ധ്വാനം നിങ്ങളുടെ വിജയവും നിശ്ചയിക്കുന്നു.

അവസരം പാഴാക്കാനും വിനിയോഗിക്കാനുമുള്ളവയാണ്.അവസരങ്ങളോടുള്ള നിങ്ങളുടെ ആഭിമുഖ്യമാണ് അവസരത്തിന്റെ വില നിശ്ചയിക്കുന്നത്. ഒരു അവസരത്തിന് വേണ്ടി നിങ്ങൾ എത്രമാത്രം സ്ട്രെയ്നെടുത്തു, എത്ര ദൂരം താണ്ടി ഇതെല്ലാം പ്രധാനപ്പെട്ടതാണ്.

അവസരങ്ങൾ ചിലരെ തേടിവരും. വേറെചിലർ അവസരങ്ങളെ തേടിച്ചെല്ലും. അതുകൊണ്ട് ഏതാണ് നല്ലത് എന്നോ ഏതാണ് മോശം എന്നോ പറയാൻ കഴിയില്ല. പക്ഷേ ഒന്നു പറയാമെന്ന് തോന്നുന്നു, അവസരം കിട്ടുക എന്നതാണ് പ്രധാനം.

അവസരം ഒരു പടിയാണ്. വിജയത്തിന്റെ ആയിരം പടികളുള്ള കോവണിയിലെ ആദ്യത്തെ ചുവട്. അവസരങ്ങൾക്കുവേണ്ടി ഏതറ്റം വരെ പോകാനും തയ്യാറുള്ളവരുടെ ലോകമാണ് ഇതെന്ന കാര്യം നമ്മെ അത്ഭുതപ്പെടുത്തേണ്ടതാണ്.

കഴിവു തെളിയിക്കപ്പെട്ടവരെക്കാൾ കഴിവുതെളിയിക്കപ്പെടാത്തവരാണ് ഈ ലോകത്തിലേറെയുള്ളത്. കാരണം അവർ അവസരം കിട്ടാത്തവരാണ്. അവസരം നിഷേധിക്കപ്പെട്ടവരുമായിരിക്കാം അവർ.

ജീവിതം ഒരു അവസരമാണ്. നാം ആരും നേടിയെടുത്തതല്ല അത്. നാമാരും പൊരുതിയെടുത്തതുമല്ല. അത് സ്വാഭാവികമായി നമ്മിലേക്ക് വന്നുചേർന്നതാണ്. ഇനി അത് പ്രയോജനപ്പെടുത്തേണ്ടത് നമുക്ക് മുമ്പിലെ വെല്ലുവിളിയാണ്.

സ്നേഹിക്കാനും സൗഹൃദപ്പെടാനും വാത്സല്യപ്പെടാനും സഹായിക്കാനും സേവിക്കാനും എത്രയെത്ര അവസരങ്ങളാണ് ഒരേയൊരു ജീവിതം കൊണ്ട് നമുക്ക് വ്യത്യസ്തമായി ലഭിച്ചിരിക്കുന്നത്.

അവസരം കിട്ടുന്നത് അഭിനയിക്കാനും ടി.വി ചാനലിലെ പ്രോഗ്രാമിനും മാത്രമല്ല, ജീവിക്കാനും കൂടിയാണ്. ആ അവസരത്തെ എങ്ങനെ പ്രയോജനപ്പെടുത്തിയെന്നതാണ് നാളെ നമ്മുടെ ജീവിതം അടയാളമാകാനുള്ള സാധ്യതയും.

## MAIL BOX

അപ്രതീക്ഷിതമായി ഒപ്പം തപാലിൽ കിട്ടിയപ്പോൾ അത്ഭുതവും സന്തോഷവും ഒരുമിച്ചായിരുന്നു. ഇനിയെന്നും ഒപ്പം കൂടെയുണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

**സന്തോഷ് കെ ആർ, പുന്നപ്ര**

വളരെ നാളുകൾക്ക് ശേഷം ഒപ്പം കിട്ടി. ഓൺലൈനിൽ വായിക്കുന്നുണ്ടായിരുന്നുവെങ്കിലും അച്ചടിരൂപത്തിൽ കിട്ടിയപ്പോൾ ഏറെ സന്തോഷം തോന്നി.

**രേഷ്മ, കുന്നംകുളം**

സമകാലിക തുടിപ്പുകൾ അടങ്ങിയ, ഈടുറ്റ ലേഖനങ്ങളും ഫീച്ചറുകളും ഉള്ള ഒപ്പത്തിന്റെ ഏപ്രിൽ ലക്കം കിട്ടി. ഒപ്പം കൂടുതൽ പോസിറ്റീവായിട്ടുണ്ട്. അഭിനന്ദനങ്ങൾ.

**മുഹമ്മദ് ഷഹാസ്, തലയോലപ്പറമ്പ്**

വിഷുക്കണി പോലെയായിരുന്നു ഏപ്രിൽ മാസത്തെ ഒപ്പം കണ്ടത്.

**ഉണ്ണികൃഷ്ണൻ, വൈക്കം**



# PRABHATH

## RESIDENTIAL PUBLIC SCHOOL

Pallimukal, Karimugal, Kochi, Kerala- 682303
Ph: 0484 2682880

Affiliated to CBSE
No 930414

Prabhath Residential Public School, is for boys and girls, situated at Karimugal nearly 25 km away from Cochin City and 5 Km away from Kochi Refinery. It is special place, where the student, parents, teaching and non teaching staff work together with a common mission and shared goals to prepare our children to be productive citizens of this era.

### FACULTIES

Our school consists of well trained and expanded set of teachers work together for fulfilling the deeds of CCE

### MANAGEMENT VISION

Goal of education is change or improve the standard of our society and overcoming the difficulties of negative transformation. The indications of changes are to be valued only if curriculum become more concentrated.

### FACILITIES

We possess wide breeze, Hygienic clean rooms which make students always Vitalitic and enthusiastic.

## Prabhath offers

a great opportunity to mould your future in the lap of Gaborone University College of Law & professional studies, Botswana

LABORATORIES ● LIBRARY AND READING ROOM ● TRANSPORTATION ● COMPUTER EDUCATION ● DIGITAL CLASSROOMS ● REST/SICK ROOM ● FIRST AID AND FIRE SAFETY EQUIPMENTS ● SCHOLASTIC AND ECO FRIENDLY CLUBS ● RSL , S.D & GARDENING ● PARENT TEACHERS AWARENESS CLASSES

**www.prabhathresidentialschool.com**

Printed and Published by Shoby G.V, Phone: 9497318531, Printed at Don Bosco Igact, N.H. Bypass, Near EMC, Kochi-28 (Page 24)